നം: എൽ.എഫ്/എം21/19/2013 ലോക്കൽ ഫ ് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മലപ്പുറം

തീയതി 8.2.2013

**മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയുടെ 2010-11, 11-12 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരള നഗരപാലിക നിയമം 295(4)-ാം വകുപ്പ് 1994 ലെ കേരള ലോക്കൽ ഫ ് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫ ് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ. സി.എച്.അബ്ദുൽ ഹമീദ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

നിലമ്പൂർ നഗരസഭയുടെ 2010-11, 11-12 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയു ായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയു ായി.

നഗരസഭ 1.4.11 മുതൽ 11.12.2012 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗ ുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയു ായി. (മണൽ പാസ് ഉൾപ്പെടെ)

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം (വരവ്/ചെലവ്/ വാർഷികം) | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|---|
| 12-12-12 മുതൽ 29-12-12 വരെ | 2010-11, 2011-12 വാർഷികം | 1. ശ്രീ.യു.പി.അബ്ദുൽ മജീദ്, 24-12-12 വരെ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>2. ശ്രീ.ആർ.അജിത്ത്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>3. ശ്രീ.എം.മുഹമ്മദ് ഫസലുറഹ്മാൻ<br>4. ശ്രീ.ടി.മുഹമ്മദ് സലീം<br>5. ശ്രീ.ഇ.മൂസ<br>6. ശ്രീ.കെ.ജി. വേലായുധൻ<br>7. ശ്രീ.ഷാജഹാൻ ഖുറൈശി.എം |

LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| | | 8. ശ്രീ.പി.എച്.ഷമീം ബാബു<br>9. ശ്രീ.ഇ.ടി.രാകേഷ്,<br>- ഓഡിറ്റർമാർ |

**നിർവഹണാധികാരികൾ**

ചെയർമാൻ : 1. ശ്രീ.ആര്യാടൻ ഷൗക്കത്ത്, 1.4.10 മുതൽ 31.3.12 വരെ

സെക്രട്ടറി : 1. ശ്രീ.പത്മനാഭൻ കുനിയിൽ, 1.4.2010 മുതൽ 09-01-2011 വരെ
2. ശ്രീ.എ.എസ്.സുഭഗൻ, 10.01.2011 മുതൽ 14.11.2011 വരെ
3. ശ്രീ.കെ.തങ്കപ്പൻ, 15-11-11 മുതൽ 24-11-11 വരെ
4. ശ്രീ.അജീഷ്.ടി.ജി., 25-11-11 മുതൽ 31-3-2012 വരെ

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു

**ഭാഗം : 1 പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം : 2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീത് പരിശോധനയിലും, നഗരസഭയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം : 3 ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.**

നഗരസഭയുടെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം : 4 ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

നഗരസഭയുടെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

LOCAL FUND AUDIT DEPARTMENT

## ഭാഗം : 1 – പൊതു അവലോകനം

നിലമ്പൂർ നഗരസഭയുടെ 2010–11, 11–12 വർഷങ്ങളിലെ ബജറ്റ് പാസ്സാക്കിയതിന്റെയും ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് ചെലവിന്റെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | വരവ് | ചെലവ് | ബജറ്റ് പാസ്സാക്കിയ തീയതി |
|---|---|---|---|
| 2010–11 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 2011–12 | 66728984 | 52748601 | 23–3–11 |

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരമുള്ള വരവു ചെലവു വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | വരവ് | ചെലവ് |
|---|---|---|
| 2010–11 | 65235531 | 64807331 |
| 2011–12 | 138262381 | 11758218.02 |

മേൽപ്പറഞ്ഞ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 305114 രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവു ചെയ്തതായി കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 5024578 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. (വിശദ വിവരത്തിനായി ഈ റിപ്പോർട്ടിന്റെ 2,3 എന്നീ ഭാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

### എ) പ്രൊജക്ടുകളുടെ രൂപീകരണവും നിർവഹണവും

സംസ്ഥാന തലത്തിൽ തന്നെ ശ്രദ്ധേയമായ പല പദ്ധതികളും ആവിഷ്കരിക്കുകയും വിജയകരമായ രീതിയിൽ നടപ്പിൽ വരുത്തുകയും ചെയ്യുന്നതിൽ നിലമ്പൂർ മുനിസിപ്പാലിറ്റി മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ചിട്ടു ്. വിദ്യാഭ്യാസ മേഖലയിൽ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, യൂണിസെഫ് ഉൾപ്പെടെയുള്ള മറ്റ് ഏജൻസികൾ എന്നിവരുടെ സഹകരണത്തോടെ നടപ്പിൽ വരുത്തി വരുന്ന സദ്ഗമയ സമഗ്ര വിദ്യാഭ്യാസ പദ്ധതി, പാലുൽപ്പാദന വിപണന മേഖലയിൽ നടപ്പിൽ വരുത്തിയ നേച്ചർ ഫ്രഷ് മിൽക്ക് പ്രൊജക്ട് എന്നിവ ഇതിൽ എടുത്ത് പറയേ പ്രൊജക്ടുകളാണ്. സദ്ഗമയ പ്രൊജക്ടിന്റെ നടത്തിപ്പിൽ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3094/2011/പൊ.വി.വ. തീയതി 1.8.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേ താണ്.

പല പ്രൊജക്ടുകളും, അംഗീകാരം ലഭിക്കുന്നതിന് പ്രൊജക്ട് പ്രൊഫോർമയിൽ അത്യാവശ്യം വേ കോളങ്ങൾ മാത്രം പൂരിപ്പിച്ച് അംഗീകാരം നേടി നിർവഹണത്തിന് നിർവഹണ ഉദ്യോഗസ്ഥരെ ഏൽപ്പിക്കുകയാണ്

LOCAL FUND AUDIT DEPARTMENT

ചെയ്തിട്ടുള്ളത്. പ്രൊജക്ട് പ്രൊഫോർമയിലെ ഖണ്ഡിക ഡി - 25 ൽ പ്രൊജക്ടിന്റെ സംഘാടനം, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ രേഖപ്പെടുത്താതെ നിർവഹണ ഉദ്യോഗസ്ഥരെ ഏൽപ്പിക്കുകയും നടപ്പിൽ വരുത്തേ പ്രവർത്തനങ്ങൾ നിർവഹണ ഉദ്യോഗസ്ഥൻ സ്വയം തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. ഇത് ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന തത്വങ്ങളോട് പൊരുത്തപ്പെടുന്നതല്ല. 2010-11 ൽ നടപ്പിൽ വരുത്തിയ ഒപ്പത്തിനൊപ്പം സമഗ്ര വികസനം (എസ്.ഒ. 049/11) നിലമ്പൂർ പാട്ടുൽസവം - സാംസ്കാരിക പൈതൃകം പരിപോഷിപ്പിക്കൽ (എസ്.ഒ. 038/11), (എസ്.ഒ. 200/12) സഹജ - ഒറ്റപ്പെട്ട വനിതകളുടെ ആരോഗ്യ സംരക്ഷണം (എസ്.ഒ. 044/11) ബാലസുരക്ഷ (എസ്.ഒ. 039/11) തുടങ്ങിയ പ്രൊജക്ടുകളിലൊന്നും തന്നെ ഖണ്ഡിക ഡി-25 ൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2010 നവംബർ മാസം നഗരസഭയായി ഉയർത്തപ്പെട്ട നിലമ്പൂർ നഗരസഭയുടെ 31.03.2012 വരെയുള്ള വാർഡ് സഭാ നടപടികളുടെ മിനുട്സ് ഓഡിറ്റിൽ പരിശോധനാ വിധേയമാക്കിയതിൽ യോഗങ്ങളിൽ വോട്ടർമാരുടെ പങ്കാളിത്തം കുറഞ്ഞു വരുന്നതായി വ്യക്തമാകുന്നു. ആഡിറ്റ് റിപ്പോർട്ടുകൾ സഭ ചർച്ച ചെയ്യുന്നില്ല. മുനിസിപ്പൽ ആക്ട് 1994 സെക്ഷൻ 42 എ (3) പ്രകാരം യോഗ നടപടി ക്രമം പിൻതുടരുന്നില്ല.

LOCAL FUND AUDIT DEPARTMENT

## ഭാഗം : 2
## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

### 2-1 വസ്തു നികുതി - ഈടാക്കിയതിലെ അപാകതകൾ

2010-11, 2011-12 വർഷങ്ങളിൽ വസ്തു നികുതി ഈടാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

### എ) ഡിമാന്റ് ചെയ്തില്ല

2010-11, 11-12 വർഷങ്ങളിൽ അസസ് ചെയ്ത താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| കെട്ടിട ഉടമ | വാർഡ്, കെട്ടിട നമ്പർ, അസസ്മെന്റ് നമ്പർ | അസസ് ചെയ്തത് | | | | ഈടാക്കാൻ ആരംഭിക്കേ വർഷം | 2011-12 അവസാനമുള്ള ആകെ കുറവ് | |
|---|---|---|---|---|---|---|---|---|
| | | വസ്തു നികുതി | ലൈബ്രറി സെസ് | സേവന നികുതി | ആകെ | | വസ്തു നികുതി + സേവന നികുതി | ലൈബ്രറി സെസ്സ് |
| 1. ശ്രീമതി. പ്രസന്നകുമാരി, പാലേരി ഹൗസ് | IV, 500 E 21186 | 338 | 17 | - | 355 | 11-12 ര ാം അർദ്ധ വർഷം | 169 | 9 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2. ശ്രീ.ലൺസ് ഫിലിപ്പ്, മണപ്പുറത്ത് ഹൗസ് | VI, 180 A 20639 | 163 | 9 | 14 | 186 | 10-11 ര ാം അർദ്ധ വർഷം | 261 | 14 |
| 3. ശ്രീമതി.സുബൈദ എരഞ്ഞിക്കൽ | VIII, 84 E 21306 | 446 | 22 | - | 464 | 11-12 ര ാം അർദ്ധ വർഷം | 221 | 11 |
| 4. ശ്രീ.പി.റ്റി. ബാലസുബ്രഹ്മണ്യൻ പള്ളിയാളിത്തൊടി (ഹൗസ്) | X, 795 H 20445 | 324.80 | 16.20 | 27 | 368 | 10-11 ഒന്നാം അർദ്ധ വർഷം | 704 | 32 |
| 5. ശ്രീ.പി.റ്റി. ബാലസുബ്രഹ്മണ്യൻ പള്ളിയാളിത്തൊടി (ഹൗസ്) | X, 795 I 20446 | 324.80 | 16.2 | 27 | 368 | 10-11 ഒന്നാം അർദ്ധ വർഷം | 704 | 32 |
| 6. ശ്രീ.മുഹമ്മദ് ഷാഫി, പനനിലത്ത് ഹൗസ് | X, 770 G 20638 | 2430 | 122 | 203 | 2755 | 10-11 ഒന്നാം അർദ്ധ വർഷം | 5266 | 244 |
| 7. ശ്രീ.അഷ്റഫ്. കെ.കെ കൈതക്കോടൻ | V, 1035 C 21282 | 1076 | 54 | - | 1130 | 11-12 ര ാം അർദ്ധ വർഷം | 538 | 27 |
| | | | | | | ആകെ | 7863 | 369 |

<u>**ബി. കുറവായി ഡിമാന്റ് ചെയ്തു**</u>

2010-11, 11-12 വർഷങ്ങളിൽ അസസ് ചെയ്ത താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്.

| കെട്ടിട ഉടമ | വാർഡ്, കെട്ടിട നമ്പർ, അസസ്മെന്റ് നമ്പർ | അസസ് ചെയ്തത് | | | | ഡിമാന്റ് ചെയ്തത് | ഡിമാന്റ് ചെയ്യാനാരംഭിച്ച വർഷം | 2011-12 അവസാനമുള്ള ആകെ കുറവ് |
|---|---|---|---|---|---|---|---|---|
| | | വസ്തു നികുതി | ലൈബ്രറി സെസ് | സേവന നികുതി | ആകെ | | | |
| 1. ശ്രീ.മുഹമ്മദ് റഫീഖ്, വാളപ്ര ഹൗസ് | III, 370 B1, 20914 | 1620 | 81 | 81 | 1782 | 1722 | 11-12 ഒന്നാം അർധ വർഷം | 60 |
| 2. ശ്രീ.സീതി ഭഗവതിയാലുങ്ങൽ | III, 456 F1 20962 | 853 | 43 | 43 | 939 | 703 | 11-12 ഒന്നാം അർധ വർഷം | 236 |
| 3. ശ്രീ.അജിത് ഇല്ലിക്കൽ (ഹൗസ്) | XI, 234 B 20495 | 648 | 33 | 54 | 735 | 588 | 10-11 ഒന്നാം അർധ വർഷം | 294 |
| 4. ശ്രീമതി.റൂബി ഡോട്ടർ ഓഫ് ജോസഫ് | V, 808 B, 20814 | 1080 | 54 | 54 | 1188 | 1108 | 10-11 ര ാം അർധ വർഷം | 120 |
| 5. ശ്രീ.ഖലീൽ അമ്പലപ്പറമ്പിൽ (ഹൗസ്) | V, 253 C 20815 | 1080 | 54 | 54 | 1188 | 1108 | 10-11 ര ാം അർധ വർഷം | 120 |
| 6. ശ്രീ.ലിയാഖത്തലി, താണിയൻ (ഹൗസ്) | V, 253 D, 21431 | 2025 | 102 | - | 2127 | 1930 | 11-12 ര ാം അർധ വർഷം | 197 |

LOCAL FUND AUDIT DEPARTMENT

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7. ശ്രീ.സക്കീർ ഹുസൈൻ, ഐക്കോമത്ത് മൻസിൽ | VIII, 332 H 21024 | 925 | 47 | - | 972 | 927 | 11-12 ഒന്നാം അർധ വർഷം | 45 |
| 8. ശ്രീ.വിനോദ് തോട്ടശ്ശേരി | VI, 115 B 20813 | 1080 | 54 | 54 | 1188 | 1108 | 10-11 ര ൦ാം അർധ വർഷം | 120 |
| 9. ശ്രീ.സാദിഖലി ചെട്ടിയാൻതൊടിക | VI, 165 G 21318 | 698 | 35 | - | 733 | 674 | 11-12 ര ൦ാം അർധ വർഷം | 30 |

ആകെ 1222

കെട്ടിട നികുതിയിനത്തിൽ ഈടാക്കാതിരുന്ന/കുറവായി ഇടാക്കിയ മേൽ തുകകൾ ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേ താണ്.

**സി) രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല.**

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പൂർത്തീകരിച്ച് സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

**2(2) ഡി. ആന്റ് ഒ ലൈസൻസ് – അപാകതകൾ**

2010-11 വർഷത്തിൽ 755 സ്ഥാപനങ്ങളിൽ നിന്നും 2011-12 ൽ 1434 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടു ്. എന്നാൽ ഇതിൽ പകുതി സ്ഥാപനങ്ങൾക്ക് പോലും ലൈസൻസ് നിർദ്ദിഷ്ട മാതൃകയിൽ അനുവദിച്ചിട്ടില്ല. മുനിസിപ്പാലിറ്റി നിലവിൽ വന്നതിന് ശേഷം തൊട്ടടുത്ത വർഷത്തെ അപേക്ഷിച്ച് ഇരട്ടിയോളം സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കാൻ സാധിച്ചിട്ടു ്. ലൈസൻസിനുള്ള അപേക്ഷകളിൽ 16.3.2007 ലെ സ.ഉ. (ആർ.ടി) 795/2007/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള സ്ഥല നാമം രേഖപ്പെടുത്തുന്നതു സംബന്ധിച്ചും 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കുന്നില്ല എന്നിവ സംബന്ധിച്ചുള്ള സത്യവാങ്മൂലം ഹാജരാക്കിയിട്ടില്ല. കൂടാതെ അപേക്ഷകളിലെ കോർട്ട് ഫീ സ്റ്റാമ്പുകൾ റദ്ദ് ചെയ്യാതെ സൂക്ഷിക്കുന്നത് പിന്നീട് ദുരുപയോഗം ചെയ്യാനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നു. ലഭിക്കുന്ന അപേക്ഷകളിൽ സ്വീകരിച്ച നടപടി അപേക്ഷയിലോ രജിസ്റ്ററിലോ രേഖപ്പെടുത്തുന്നില്ല. ഡിമാന്റ് രജിസ്റ്ററിലെ അപാകതകൾ പരിഹരിക്കാൻ 36/2012 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല. അപാകതകൾ സംബന്ധിച്ച വിശദീകരണം ആദ്യ മറുപടിയിൽ തന്നെ ഉൾപ്പെടുത്തേ താണ്.

**2(3) എ തൊഴിൽ നികുതി ഈടാക്കിയില്ല.**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245(1) പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി ചെയ്തിട്ടു ങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാണ്. എന്നാൽ തൊഴിൽ നികുതി

നൽകാൻ ബാധ്യസ്ഥരായ താഴെ പറയുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| പേര് | തസ്തിക/ഓഫീസ് | അർദ്ധ വർഷം | റിമാർക്സ്/ വിടുതൽ തീയതി |
|---|---|---|---|
| 1. സ്റ്റെല്ല.കെ.കെ. | പി.ഡി. ടീച്ചർ ജി.എം.എൽ.പി.എസ്, നിലമ്പൂർ | 10-11 ഒന്നാം അർധ വർഷം | 5/6/10 ന് വിടുതൽ ചെയ്തു |
| 2. പി.എൻ. വിനോദ്കുമാർ | യു.ഡി.സി., ശിശു വികസന പദ്ധതി ഓഫീസ്, നിലമ്പൂർ | ,, | |
| 3. വൃന്ദ.കെ | വി.ഐ., ജി.എം.വി.എച്.എസ്.എസ്. നിലമ്പൂർ | ,, | 1/6/10 |
| 4. മെഹറുന്നീസ.പി.എം | ,, | ,, | ,, |
| 5. പി.എൻ.പ്രദീപ് കുമാർ | യു.ഡി.സി., താലൂക്ക് ഓഫീസ്, നിലമ്പൂർ | ,, | വിടുതൽ തീയതി റിട്ടേണിൽ രേഖപ്പെടുത്തി യിട്ടില്ല. |
| 6. സന്തോഷ് കുമാർ. എസ്.കെ. | ,, | ,, | ,, |
| 7. ഷീന.സി.പി. | ,, | ,, | ,, |
| 8. പ്രേമചന്ദ്രൻ | ,, | ,, | ,, |
| 9. രമേശ്.വി.പി. | എൽ.ഡി.സി., താലൂക്ക് ഓഫീസ്, നിലമ്പൂർ | ,, | ,, |
| 10. എം.അബ്ദുസലാം | ഡെപ്യൂട്ടി തഹസിൽദാർ താലൂക്ക് ഓഫീസ്, നിലമ്പൂർ | ,, | ,, |
| 11. പ്രമോദ് | എസ്.വി.ഒ., വില്ലേജ് ഓഫീസ് നിലമ്പൂർ | ,, | ,, |
| 12. ജോൺ ഏലിയാസ് | വില്ലേജ്മാൻ, വില്ലേജ് ഓഫീസ്, നിലമ്പൂർ | ,, | ,, |
| 13. രാജഗോപാലൻ | വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്, നിലമ്പൂർ | ,, | ,, |
| 14. ജയചന്ദ്രൻ.ഇ.റ്റി. | വില്ലേജ്മാൻ വില്ലേജ് ഓഫീസ്, നിലമ്പൂർ | ,, | ,, |
| 15. പ്രഭാകരൻ.സി. | ഹയർ ഗ്രേഡ് അസിസ്റ്റന്റ്, എൽ.ഐ.സി. ഓഫീസ്, നിലമ്പൂർ | ,, | 30/6/10 |
| 16. എം.സുരേഷ് ബാബു | ആർ.ഐ., താലൂക്ക് സപ്ലൈ ഓഫീസ്, നിലമ്പൂർ | ,, | 2/6/10 |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 17. സുലൈമാൻ.പി. | ഓവർസിയർ. 66 കെ.വി. സബ് സ്റ്റേഷൻ, കെ.എസ്.ഇ.ബി., നിലമ്പൂർ | 11-12 ഒന്നാം അർധ വർഷം | 22/7/11 |
| 18. സുനിൽകുമാർ.കെ.എം. | ,, | ,, | ,, |
| 19. കെ.പ്രകാശ് | ഫോറസ്റ്റ് ഗാർഡ്. ഫോറസ്റ്റ് റേഞ്ച് ഓഫീസർ, ഫ്ളയിംഗ് സക്വാഡ് ന്റെ കാര്യാലയം, നിലമ്പൂർ | ,, | 8/6/11 |
| 20. കെ.ഷാജി | ഫോറസ്റ്റർ. ഫോറസ്റ്റ് റേഞ്ച് ഓഫീസർ, ഫ്ളയിംഗ് സക്വാഡ് ന്റെ കാര്യാലയം, നിലമ്പൂർ | ,, | 10/6/11 |
| 21. സന്തോഷ്.എം.എസ് | ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റ് റേഞ്ച് ഓഫീസ് ഡിവിഷണൽ പ്രൊട്ടക്ഷൻ റിസർവ് ഫോഴ്സ് കാര്യാലയം, നിലമ്പൂർ | ,, | 4/6/11 |
| 22. ബാബുമോൻ.പി. | ,, | ,, | 3/6/11 |
| 23. ബിജു.എ.എസ് | ,, | ,, | 12/6/11 |
| 24. കെ.പി.മുഹമ്മദ് സാലിം | ,, | ,, | 4/6/11 |
| 25. ജോജോ ചന്ദ്രൻ.ജെ. | എൽ.ഡി.സി., ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, നോർത്ത് ഡിവിഷൻ, നിലമ്പൂർ | ,, | 7/7/11 |
| 26. പത്മഗിരീഷ്.ഇ. | എൽ.ഡി.സി., -ടി- | ,, | 9/6/11 |

മേൽ ജീവനക്കാരിൽ നിന്നും അർഹമായ പലിശ സഹിതം തൊഴിൽ നികുതി ഈടാക്കേ താണ്. തുടർ നടപടികളുടെ പുരോഗതി ആദ്യ മറുപടിയിൽ ഉൾപ്പെടുത്തേ താണ്.

**(ബി) വിമുക്ത ഭടൻമാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.**

2011-12 ര ് അർദ്ധ വർഷങ്ങളിലും താഴെ പറയുന്ന ജീവനക്കാർ വിമുക്ത ഭടൻമാരുടെ പരിഗണനയിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| | | |
|---|---|---|
| രവീന്ദ്രൻ.കെ.വി. | - | എ.എച്ച്.സി., എസ്.ബി.റ്റി. നിലമ്പൂർ |
| രാജേന്ദ്രൻ | - | എച്ച്.എസ്. ഗാർഡ് എസ്.ബി.റ്റി. നിലമ്പൂർ |
| വിജയകുമാർ.എസ് | - | ,, |
| മോയിൻകുട്ടി | - | സെക്യൂരിറ്റി ഗാർഡ് എസ്.ബി.റ്റി. നിലമ്പൂർ |
| സാദിരി | - | സെക്യൂരിറ്റി ഗാർഡ് എസ്.ബി.റ്റി. നിലമ്പൂർ |
| അഹമ്മദ് ഇക്ബാൽ | - | ,, |
| കിരാതദാസ് | - | ഡെവലപ്മെന്റ് ഓഫീസർ, യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ്, നിലമ്പൂർ |

LOCAL FUND AUDIT DEPARTMENT

പി.ആർ. സദാനന്ദൻ - സബ് സ്റ്റാഫ്, യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ്, നിലമ്പൂർ

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേ താണ്.

**(സി) സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടവാക്കിയില്ല**

താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| സ്ഥാപനം | ഈടാക്കാൻ അവശേഷിക്കുന്ന അർദ്ധ വർഷം |
|---|---|
| 1. കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ, നിലമ്പൂർ | 2010-11 (1,2), 11-12 (1, 2) |
| 2. റിലയൻസ് ലൈഫ് ഇൻഷുറൻസ്, നിലമ്പൂർ | ,, |
| 3. സ്റ്റേറ്റ് വെയർ ഹൗസ് കോർപ്പറേഷൻ നിലമ്പൂർ | ,, ,, |
| 4. കനറാ ബാങ്ക്, നിലമ്പൂർ | ,, ,, |
| 5. നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ് | ,, |
| 6. എൽ.ഐ.സി. ഓഫീസ്, നിലമ്പൂർ | ,, 1 |
| 7. ശ്രീ.ഗോകുലം ചിട്ട്സ് & ഫൈനാൻസ്, നിലമ്പൂർ | ,, 1, 2 |
| 8. ഫെഡറൽ ബാങ്ക് | ,, 1 |
| 9. മാവേലി സ്റ്റോർ, നിലമ്പൂർ | 1, 2 |
| 10. ദി നിലമ്പൂർ മർച്ചന്റ് കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | ,, |
| 11. ദേവി നഴ്സിംഗ് ഹോം, നിലമ്പൂർ | 1, 2 |
| 12. കെ.വി.ആർ.ഓട്ടോമൊബൈൽസ് | 2 |
| 13. ബെസ്റ്റ് ബ്രിക്സ് & ടൈൽ വർക്സ് ലിമിറ്റഡ് | 2 |
| 14. അപരാജിത സുന്ദരം ഫിനാൻസ്, നിലമ്പൂർ | 1, 2 |

LOCAL FUND AUDIT DEPARTMENT

മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള അർഹമായ പലിശ സഹിതം തൊഴിൽ നികുതി ഈടാക്കേ താണ്. തുടർ പ്രവർത്തനങ്ങളുടെ പുരോഗതി ആദ്യ മറുപടിയിൽ റിപ്പോർട്ട് ചെയ്യേ താണ്.

**(ഡി) തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്.**

നഗരസഭയിൽ നടപ്പാക്കിയ വിശപ്പ് രഹിത ഗ്രാമം പദ്ധതിയുടെ ഭാഗമായി വിവിധ നിർവഹണ ഉദ്യോഗസ്ഥർ ഒരുമ വനിതാ കാന്റീൻ, നിലമ്പൂർ എന്ന സ്ഥാപനത്തിന് 10-11 വർഷം 13 ലക്ഷം, 11-12 വർഷം 912500 എന്നിങ്ങനെ തുകകൾ അനുവദിച്ചിട്ടു ്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിന്ന് വരുമാനത്തിനനുസൃതമായി തൊഴിൽ

നികുതി ഈടാക്കേ തും കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേ തുമാണ്.

**(ഇ) തൊഴിൽ നികുതി – രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 257 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ ഉൾപ്പെടുത്തിക്കൊ ുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേ തും വിവരങ്ങൾ ചേർക്കേ തുമാണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുെ ങ്കിലും 2010–11, 11–12 ര ാം അർദ്ധ വർഷങ്ങളിലെ വിവരങ്ങൾ ഇതിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ ആക്ട് സെക്ഷൻ 253 (3) പ്രകാരം സ്ഥാപന മേധാവി നൽകിയ വിവരങ്ങൾ കൈപ്പറ്റിയാലുടൻ സെക്രട്ടറി സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും പേരുകൾ രജിസ്റ്റർ ചെയ്യുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേ താണ്. എന്നാൽ ഈ രജിസ്റ്റർ ഈ സ്ഥാപനത്തിൽ എഴുതി സൂക്ഷിക്കുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിക്കേ തും പരിഹാര നടപടികൾ ആദ്യ മറുപടിയിൽ ഉൾപ്പെടുത്തേ തുമാണ്.

**2(4) വിനോദ നികുതി ഈടാക്കിയതിലെ അപാകതകൾ**

ജി.ഒ.(ആർ.റ്റി.) നമ്പർ 2697/07/തസ്വഭവ. തീയതി 3.10.07 ഉത്തരവ് പ്രകാരം നഗരസഭകളിൽ എല്ലാ സിനിമകൾക്കും 20% നിരക്കിലാണ് വിനോദ നികുതി ഈടാക്കേ ത്. 01.11.10 മുതൽ നഗരസഭയായ നിലമ്പൂരിൽ 20% നിരക്കിൽ വിനോദ നികുതി ഈടാക്കേ തായിരുന്നുവെങ്കിലും 16.3.11 ലെ സി2–12636/10 കത്ത് മുഖേന തിയറ്റർ ഉടമകളോട് നഗരസഭ ആവശ്യപ്പെട്ടതിനെ തുടർന്ന് 18.3.11 മുതൽ മാത്രമാണ് 20% നിരക്കിൽ നികുതി ഈടാക്കിയത്. മേൽ പരാമർശിച്ച കത്തിലൂടെ 01–11–10 മുതലുള്ള വിനോദ നികുതി കുടിശ്ശിക 31.3.11 നകം നഗരസഭയിൽ അടവാക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് തിയറ്റർ ഉടമകൾ നഗരസഭക്കെതിരെ ഹൈക്കോടതിയിൽ WP(c) 10405/11 A നമ്പറായി കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

6 മാസക്കാലത്തോളം തെറ്റായി/5% കുറവായി നികുതി ഈടാക്കിയത് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും സൂപ്പർവിഷൻ ചുമതലയുള്ളവരുടെയും ശ്രദ്ധയിൽ പെട്ടില്ല എന്നത് ഗുരുതരമായ അപാകതയാണ്.

ഹൈക്കോടതിയിൽ ഇപ്പോഴും കേസ് നടപടികൾ തുടരുകയാണ്.

**2(5) വാടക കുടിശ്ശിക ഈടാക്കേ താണ്.**

നഗരസഭ ഉടമസ്ഥതയിലുള്ള ചന്തക്കുന്ന്, ചെട്ടിയങ്ങാടി ഷോപ്പിംഗ് കോംപ്ലക്സുകൾ, ചെട്ടിയങ്ങാടി മൽസ്യ മാംസ മാർക്കറ്റ്, ചന്തക്കുന്ന് മൽസ്യ മാർക്കറ്റ് എന്നിവിടങ്ങളിൽ നിന്ന് 2010–11, 11–12 വർഷങ്ങളിൽ എല്ലാ മാസവും വാടക

അടവാക്കുന്നതിൽ താഴെ പറയുന്ന വാടകക്കാർ വീഴ്ച വരുത്തിയിട്ടു ്. വിശദ വിവരങ്ങൾ താഴെ നൽകുന്നു.

**1) ചന്തക്കുന്ന് ഷോപ്പിംഗ് കോംപ്ലക്സ്**

**2010–11**

| റൂം നമ്പർ | വാടകക്കാരന്റെ പേര് | വാടക അടവാക്കാൻ അവശേഷിക്കുന്ന മാസം | തുക |
|---|---|---|---|
| V - 867 C | ചക്കുങ്ങൽ സുലൈമാൻ | ഫെബ്രുവരി | 2431 |
| V - 857 | വി.പി.സരോജിനിയമ്മ | സെപ്റ്റംബർ | 718 |
| V - 873 | മുഹമ്മദ് ബഷീർ | ഏപ്രിൽ, മെയ് | 2153 × 2 = 4306 |
| V - 867 | ശിവശങ്കരൻ, കൽപ്പറമ്പിൽ | സെപ്റ്റംബർ | 1988 |
| V - 862 | അബ്ദുറസാഖ് വല്ലാഞ്ചിറ | ജൂലൈ - മാർച്ച് | 692 × 9 = 6228 |
| V - 880 | അബ്ദുറഹ്മാൻ അടുക്കത്ത് | ജൂലൈ | 243 |

ആകെ 15,914

**2011–12**

| | | | |
|---|---|---|---|
| V - 860 | ബേബി ജോൺ | സെപ്റ്റംബർ - മാർച്ച് | 705 × 7 = 4935 |
| V - 875 | എൻ.കെ.ഹുസൈൻ | ഏപ്രിൽ - ജൂൺ | 1507 × 3 = 4521 |

ആകെ 9456

**2) ചെട്ടിയങ്ങാടി മൽസ്യ - മാംസ മാർക്കറ്റ്**

**2010–11**

| | | | |
|---|---|---|---|
| X - 327 K | ബാലകൃഷ്ണൻ | ആഗസ്റ്റ് - ഒക്ടോബർ | 1764 × 3 = 5292 |
| സൈറ്റ് 3 | എം.കെ.അബ്ദുൽ കരീം | ജനുവരി - മാർച്ച് | 1556 × 3 = 4668 |
| സൈറ്റ് 5 | ജമാലുദ്ദീൻ.കെ.കെ. | ജനുവരി - മാർച്ച് | 1566 × 3 = 4698 |
| സൈറ്റ്-കോണിമുറി | റഷീദലി.ടി.ടി. | നവംബർ, ഡിസംബർ | 828 × 2 = 1656 |

ആകെ 16,314

**3) ചന്തക്കുന്ന് മൽസ്യ - മാംസ മാർക്കറ്റ്**

**2011–12**

| | | | |
|---|---|---|---|
| V - 888 B | പി.സുധീർ | ജൂലൈ - മാർച്ച് | 1700 × 9 = 15300 |

ആകെ 15300

**4) ചെട്ടിയങ്ങാടി ഷോപ്പിംഗ് കോംപ്ലക്സ്**

**2010–11**

| | | | |
|---|---|---|---|
| XII - 17 | പണിക്കാതൊടി കൃഷ്ണൻ | ജനുവരി | 3643 |
| XII - 5 | മുഹമ്മദ് | ,, | 9400 |
| XII - 6 | മൊയ്തീൻകോയ | ,, | 8600 |
| XII - 1 | പി.കെ.മുഹമ്മദാലി | ജൂലൈ, ആഗസ്റ്റ്, നവംബർ | 5312 × 3 = 15936 |
| XII - 4 | വി.നബീസ | ജൂലൈ, ആഗസ്റ്റ് | 4518 × 2 = 9036 |

ആകെ 46615

LOCAL FUND AUDIT DEPARTMENT

മേൽ വിവരിച്ച വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കേ  താണ്.

**2(6) നഗരസഭ പാട്ടത്തിന് നൽകിയ ഭൂമി : ക്രമവിരുദ്ധമായി ഉപയോഗിക്കുന്നു.**

നിലമ്പൂർ വില്ലേജിലെ റീ സർവ്വേ 675 ൽ 4 ഏക്കർ, 10 സെന്റ് സ്ഥലം കുരിയിക്കൽ ചാക്കോക്കും ടിയാന്റെ മരണ ശേഷം മക്കളായ ചിന്നമ്മ, മേരി, കുഞ്ഞമ്മ, തങ്കമ്മ എന്നിവർക്കും 1966 മുതൽ വർഷം തോറും നിശ്ചിത തുക ഈടാക്കി ലീസ് പുതുക്കി നൽകി വരുന്നു ്. മേൽ വ്യക്തികളുമായുള്ള കരാർ പ്രകാരം ലീസിന് ലഭിച്ച സ്ഥലത്ത് നെല്ല്, കപ്പ തുടങ്ങിയ ഹ്രസ്വകാല വിളകൾ മാത്രമേ കൃഷി ചെയ്യാവൂ എന്ന് വ്യക്തമാക്കിയിട്ടു ്. എന്നാൽ പ്രസ്തുത സ്ഥലത്ത് റബ്ബർ, തെങ്ങ് തുടങ്ങിയ ദീർഘകാല വിളകളാണ് കൃഷി ചെയ്ത് വരുന്നതെന്ന് പ്രാദേശിക പരിശോധനയിൽ മനസ്സിലായി. ആയതിനാൽ, 1967 ലെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ (എസ്.ആർ.ഒ. നമ്പർ 176/67) പ്രകാരം കരാർ ലംഘനം നടത്തിയ വ്യക്തിയിൽ നിന്ന് ലീസിന് നൽകിയ സ്ഥലം തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ  താണ്.

പുഴ ഗതി മാറി ഒഴുകിയത് മൂലം ലീസിന് നൽകിയ പ്രസ്തുത സ്ഥലം നിലവിൽ പുഴക്കപ്പുറം ചുങ്കത്തറ ഗ്രാമ പഞ്ചായത്തിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. 1961 ലെ കേരള സർവ്വേ ആന്റ് ബൗ  റീസ് ആക്ടിലെ സെക്ഷൻ 5 പ്രകാരം പ്രസ്തുത സ്ഥലം റീ സർവ്വേ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കേ  താണ്.

**2(7) വരവ് – പിരിവ് അടവ് പരിശോധന രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമായില്ല**

പിരിവ് അടവ് പരിശോധനയുമായി ബന്ധപ്പെട്ട 1/4/2011 മുതൽ 13/7/2011 വരെയുള്ള ഓഫീസ് കളക്ഷൻ രജിസ്റ്റർ, ജൂൺ 2011 ന് മുമ്പ് അനുവദിച്ച രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റ് എൻക്വയറി നമ്പർ 12/2012 പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമാകാത്തതിനാൽ 1/4/2011 മുതൽ 13/7/2011 വരെയുള്ള പിരിവ് അടവ് കണക്കുകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ വന്നിട്ടുള്ള വീഴ്ചയാണ് യഥാസമയം അവ പരിശോധക്ക് ലഭ്യമാക്കാൻ കഴിയാത്തതിന് കാരണം. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ പ്രധാനപ്പെട്ട രജിസ്റ്ററുകളും ഫയലുകളും ഒരു ചുമതല കൈമാറൽ രജിസ്റ്ററിൽ ചേർത്ത് ഒപ്പ് വെച്ച് കൈമാറുന്നു എന്ന് വിടുതൽ ചെയ്യുന്നതിനു മുൻപായി ഉറപ്പു വരുത്തേ  താണ്. നമ്പർ 148 മുതൽ 156 വരെയുള്ള രസീതി ബുക്കുകളുടെ കളക്ഷൻ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കേ  താണ്.

രസീതികളിലെ തുകകൾ വെട്ടി തിരുത്തുക, രസീതികൾ കക്ഷികൾക്ക് നൽകാതെ രസീതി ബുക്കിൽ തന്നെ സൂക്ഷിക്കുക, രസീതികൾ തെറ്റായി എഴുതിയത് ക്യാൻസൽ ചെയ്യാതിരിക്കുക തുടങ്ങിയ അപാകതകൾ പരിഹരിക്കുന്നതിനും പിരിച്ചെടുത്ത് ബാങ്കിൽ അടവാക്കിയപ്പോൾ കുറവു വന്ന 80/- രൂപ അടവാക്കുന്നതിനും ഓഡിറ്റ് എൻക്വയറി നമ്പർ 12/2012 പ്രകാരം നിർദ്ദേശം

LOCAL FUND AUDIT DEPARTMENT

നൽകിയിരുന്നുവെങ്കിലും അപാകതൾ പരിഹരിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേ താണ്.

## 2(8) ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ – പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഇട കലർത്തി എഴുതിയിരിക്കുന്നതിനാൽ പരിശോധനക്ക് വിധേയമാക്കാൻ സാധിച്ചിട്ടില്ല. ഈ ആവശ്യത്തിലേക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേ തും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേ തുമാണ്.

## 2(9) മണൽ പാസ് ബുക്കുകൾ സൂക്ഷിക്കുന്നതിൽ അപാകത

മണൽ പാസ് അനുവദിക്കുന്ന പി – ഫോറം രസീതി ബുക്കുകളിൽ അനുവദിക്കാതെ അവശേഷിച്ചിരുന്നു. രസീതികൾ റദ്ദു ചെയ്യാതെയായിരുന്നു സൂക്ഷിച്ചിരുന്നത്. ഇത്തരത്തിൽ രസീതികൾ സൂക്ഷിച്ചാൽ പിന്നീട് ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ളതിനാൽ അതാത് മാസം അനുവദിച്ചതിനു ശേഷം ബാക്കി വരുന്ന പാസുകൾ പിന്നീട് ഉപയോഗിക്കാൻ സാധിക്കാത്ത രീതിയിൽ റദ്ദ് ചെയ്ത് സൂക്ഷിക്കേ താണ്. കൂടാതെ മണൽ വിതരണവുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളിലും പേജ് സാക്ഷ്യപത്രം രേഖപ്പെടുത്തേ തും സ്പെഷ്യൽ രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സൂക്ഷിക്കേ തുമാണ്.

## ഭാഗം : 3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

## 3(1) അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രവൃത്തികൾ – രജിസ്റ്ററുകൾ പൂർണ്ണമല്ല.

### ക്യാഷ് ബുക്ക്.

ജി.ഒ.(പി) 177/2006/ധനം. തീയതി 12.4.2006 അനുസരിച്ച് നിർവഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി -IV) എന്നിവ എഴുതി സൂക്ഷിക്കേ താണ്. എന്നാൽ 2011-12 വർഷത്തിൽ ഇപ്രകാരം ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേ താണ്.

### എഗ്രിമെന്റ് രജിസ്റ്റർ അപാകതകൾ

എഗ്രിമെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നു ് എങ്കിലും വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. കരാർ ഒപ്പിട്ട തീയതി, കരാർ പ്രകാരം പ്രവൃത്തി

LOCAL FUND AUDIT DEPARTMENT

പൂർത്തിയാക്കേ   തീയതി എന്നിവ പൂർണ്ണമായി ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തേ   താണ്.

<u>അഡ്വാൻസ് രജിസ്റ്റർ</u>

ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടു   ങ്കിലും പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

<u>ടെ   ർ രജിസ്റ്റർ അപാകതകൾ</u>

ടെ   ർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നു   ്. എന്നാൽ കരാർ തുക, ടെ   ർ തുറന്ന തീയതി, ടെ   ർ അംഗീകരിച്ച നഗരസഭാ തീരുമാനം എന്നിവ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ പൂർത്തിയാക്കേ   താണ്.

**<u>3(2) നഗരസഭാ ലൈബ്രറി പ്രവർത്തനം കാര്യക്ഷമമല്ല.</u>**

നഗരസഭ 1998 ൽ ആരംഭിച്ച ഇ.എം.എസ്. സ്മാരക സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറിയുടെ അംഗീകരിച്ച നിയമാവലിയും നടത്തിപ്പു കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

നിലമ്പൂർ ടൗണിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറിയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 5155 പുസ്തകങ്ങളു   ്. പുസ്തകങ്ങളുടെ സ്റ്റോക്ക് സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അംഗത്വ രജിസ്റ്റർ പ്രകാരം 322 അംഗങ്ങളു   ങ്കിലും 72 പേർ മാത്രമാണ് കൃത്യമായി പണമടച്ച് അംഗത്വം പുതുക്കി വരുന്നത്. പ്രതിമാസം 60 പുസ്തകങ്ങൾ വരിക്കാർക്ക് നൽകുന്നു.

അഞ്ച് ദിനപത്രങ്ങളു   ങ്കിലും തൊഴിൽ വാർത്ത മാത്രമാണ് ആനുകാലിക പ്രസിദ്ധീകരിമായി റീഡിങ് റൂമിൽ ലഭ്യമാക്കുന്നത്.

കുട്ടികൾക്ക് വായനക്ക് വേ   ി പ്രത്യേക സൗകര്യമോ പ്രസിദ്ധീകരണങ്ങളോ ഇല്ല. വായനശാലയിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഒരു വർഷം മുമ്പ് ലഭ്യമാക്കിയിട്ടു   ങ്കിലും ഇത് ഉപയോഗിക്കുന്നില്ല.

2010-11 വർഷത്തിൽ 2.25 ലക്ഷം രൂപയും 2011-12 ൽ ഒരു ലക്ഷം രൂപയും ലൈബ്രറിക്ക് പുസ്തകമുൾപ്പെടെയുള്ളവ വാങ്ങുന്നതിന് ചെലവഴിച്ചിട്ടു   ്.

LOCAL FUND AUDIT DEPARTMENT

4500 രൂപ പ്രതിമാസ ഓണറേറിയം നൽകി പാർട്ട് ടൈം ലൈബ്രേറിയന്റെ സേവനം ഉപയോഗിക്കുന്നു ്.

ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കൂടുതൽ ആളുകളെ ആകർഷിക്കാനും നടപടി സ്വീകരിക്കേ താണ്.

**3(3) സർക്കാർ ഉത്തരവിന് വിരുദ്ധമായി നഗരസഭാ എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗ ്.**

നഗരസഭയുടെ നിർവഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ എം.ഡി.സി. ബാങ്ക് നിലമ്പൂർ ശാഖയിൽ സേവിങ്സ് ബാങ്ക് അക്കൗ ് ആരംഭിച്ചതായും (നമ്പർ 402/119) 10-12-12 ൽ പ്രസ്തുത അക്കൗ ിൽ 8555/- രൂപ നീക്കിയിരിപ്പുള്ളതായും കാണുന്നു. ജി.ഒ.(പി) 177/2006/ധനം/12.4.2006 ഉത്തരവ് ഖണ്ഡിക 8-3 പ്രകാരം നോൺ ബാങ്കിങ് ട്രഷറികൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥർക്ക് മാത്രമേ ദേശസാൽകൃത ബാങ്കിൽ അക്കൗ ് ആരംഭിക്കാൻ പാടുള്ളു. ബാങ്കിങ് ട്രഷറിയായ നിലമ്പൂർ സബ് ട്രഷറിക്ക് കീഴിലുള്ള അസി.എഞ്ചിനീയർ സഹകരണ ബാങ്കിൽ അക്കൗ ് ആരംഭിച്ചതും സാമ്പത്തിക ഇടപാടുകൾ നടത്തുന്നതും സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. അക്കൗ ് ക്ലോസ് ചെയ്ത് നീക്കിയിരിപ്പു തുക ബന്ധപ്പെട്ട ഫ ് അക്കൗ ിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേ താണ്.

**3(4) ശമ്പള കുടിശ്ശിക നൽകിയതിന് പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല**

താഴെ പറയുന്ന ജീവനക്കാർക്ക് കുടിശ്ശിക ശമ്പളം നൽകിയിട്ടു ങ്കിലും ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

| | | |
|---|---|---|
| വൗച്ചർ നമ്പർ<br>9/5-10/3-5-10 | ജൂൺ 2008 മുതൽ മാർച്ച് 2010 വരെ. ശ്രീ.ടി.മമ്മു., യു.ഡി.സി. യ്ക്ക് ശമ്പള കുടിശ്ശിക | അടിസ്ഥാന ശമ്പളം - 10432<br>ഡി.എ. - 6686<br>17118 |
| 70/8/10/18-8-10 | ശ്രീമതി.എസ്.വൽസല യു.ഡി.സി. യുടെ ശമ്പള നിർണ്ണയ കുടിശ്ശിക (മെയ്, ജൂൺ, ജൂലൈ 2010) | അടിസ്ഥാന ശമ്പളം - 939<br>ഡി.എ. - 602<br>1541 |

ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേ താണ്.

**3(5) (i) കേരള വാട്ടർ അതോറിറ്റിയിലേക്ക് വെള്ളക്കരം അടവാക്കിയതിൽ അപാകത**

23.6.2006 ലെ സർക്കാർ ഉത്തരവ് (ആർ.ടി) 1501/2006/ത.സ്വ.ഭ.വ. തീയതി 23.6.2006 അനുസരിച്ച് കേരള വാട്ടർ അതോറിറ്റി എല്ലാ മാസവും 10-ാം തീയതിയോടെ മുൻ മാസത്തെ ചാർജ്ജിന്റെ ഡിമാന്റ് നോട്ടീസ് തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിക്ക്

LOCAL FUND AUDIT DEPARTMENT

നൽകണം. സെക്രട്ടറി നോട്ടീസ് കിട്ടി ഒരു മാസത്തിനകം പണം അടയ്ക്കണം. അല്ലാത്ത പക്ഷം കുടിശ്ശിക സംരക്ഷണ ഗ്രാന്റിൽ നിന്ന് കുറവു വരുത്താൻ നടപടി സ്വീകരിക്കാവുന്നതാണ്. അധിക ചാർജ്/ഇരട്ടി അടവ് തുടങ്ങിയവ സംബന്ധിച്ച പരാതികൾ വാട്ടർ അതോറിറ്റി എക്സീക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കേ തും അതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തി ധാരണയിൽ എത്തേ തും അല്ലാത്ത പക്ഷം ആർ.ഡി.ഒ. യ്ക്ക് അപ്പീൽ നൽകാവുന്നതുമാണ്. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ വാട്ടർ ടാപ്പുകളുടെ എണ്ണം, വെള്ളക്കരം എന്നിവ സംബന്ധിച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന വാട്ടർ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. അതിനാൽ നിലവിൽ ചുമത്തുന്ന വെള്ളക്കരത്തിന്റെ നിജസ്ഥിതി പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല. നിലമ്പൂർ ഗ്രാമ പഞ്ചായത്ത് 7/2010 വരെയുള്ള വെള്ളക്കരം കൃത്യമായി അടവാക്കിയിട്ടു ്. തുടർന്ന് നിലമ്പൂർ നഗരസഭ വെള്ളക്കരം അടവാക്കുന്നതിൽ വീഴ്ച വരുത്തുകയും കുടിശ്ശികയായ തുക സംരക്ഷണ ഗ്രാന്റ്, വികസന ഫ ് എന്നിവയിൽ നിന്നും കുറവു വരുത്തുകയും ചെയ്തിട്ടു ്. ഇപ്രകാരം കുറവു വരുത്തിയ തുക യഥാർത്ഥത്തിൽ അടവാക്കേ തുകയേക്കാൾ കൂടുതലാണെന്ന് പരിശോധനയിൽ ബോധ്യമായിട്ടു ്. ഈ തുക തിരികെ ലഭിക്കുന്നതിന് നഗരസഭ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

**(ii) വെള്ളക്കരം യഥാസമയം അടവാക്കാത്തതിന് പിഴ നൽകിയത് ക്രമവിരുദ്ധം**

സർക്കുലർ നമ്പർ 44485/ബി3/95/ത.ഭ.വ. തീയതി 10.1.96 അനുസരിച്ച് വാട്ടർ അതോറിറ്റിയിലേക്ക് വെള്ളക്കരം അടക്കുന്നതിന് നഗരസഭകൾ ബജറ്റിൽ തുക വകയിരുത്തേ താണ്. ബിൽ തുക വീഴ്ചയില്ലാതെ അടയ്ക്കണം. വീഴ്ചയ്ക്ക് പിഴപ്പലിശ അടയ്ക്കേ ി വന്നാൽ ആയത് ചെയർ പേഴ്സന്റെയോ സെക്രട്ടറിയുടെയൊ അഥവാ ര ു പേരുടെയോ വ്യക്തിപരമായ ബാധ്യതയായിരിക്കും. നിലമ്പൂർ നഗരസഭയിൽ വെള്ളക്കരം അടവാക്കേ ത് സംബന്ധിച്ച് യഥാസമയം നഗരസഭാ സെക്രട്ടറി നടപടി സ്വീകരിച്ചിട്ടില്ല. അതിനാൽ പിഴപ്പലിശയിനത്തിൽ അടവാക്കിയ തുക ഉത്തരവാദിയായ നഗരസഭാ സെക്രട്ടറിയിൽ നിന്നും ഈടാക്കേ താണ്.

**(iii) കേരള വാട്ടർ അതോറിറ്റിയിലേക്ക് അധികമായി അടവാക്കിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.**

7/2010 ലെ AB4-1489/94/Vol.II dated 1/7/2010 ബിൽ പ്രകാരം മുൻ കുടിശ്ശിക ഒന്നുമില്ല. 7/2010 ലെ തുകയായ 39375 രൂപ 16/7/2010 ലെ 38/7-10 വൗച്ചർ പ്രകാരം അടവാക്കിയിട്ടു ്. തുടർന്ന് ഈയിനത്തിൽ അടവാക്കിയ തുകയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

**2010-11**

| വൗച്ചർ നമ്പർ | തുക | |
|---|---|---|
| 254/7-10/8-7-10 | 33424.00 | മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് കുറവു ചെയ്തത്. |
| 68എ/11-10/30-11-10 | 151036.00 | മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് കുറവു ചെയ്തത്. |
| 158/3-11/31-3-11 | 308840.00 | പണമായി അടവാക്കിയത്. |
| 159/3-11/31-3-11 | 114971.00 | വികസന ഫ ിൽ നിന്നും കുറവു ചെയ്തത് |
| 160/3-11/31-3-11 | 187100.00 | മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് കുറവു ചെയ്തത്. |

795371

2010-11 ൽ അടവാക്കേ യിരുന്ന തുക ചുവടെ ചേർക്കുന്നു. (ടാപ്പുകളുടെ എണ്ണം 135)

8/2010 മുതൽ 10/2010 വരെ - 135 × 3500 × 3/12 = 118125

11/2010 മുതൽ 31-3-2011 വരെ - 135 × 5256 × 5/12 = 295650.00

413775.00

2% ഫൈൻ 82755.00

496530.00

അധികമായി നൽകിയ/കുറവു ചെയ്ത തുക - 795371 - 496530

= 298841.00

11/4/11 മുതൽ 12/12 വരെ
നൽകിയ തുക

1470300.00 2011-12 വികസന ഫ ിൽ നിന്നും കുറവു ചെയ്തത്

342130.00 ഡി.ഡി. നമ്പർ 4778/9.10.12

151620.00 9/12 ൽ അടച്ച തുക

1964050.00

1-4-11 മുതൽ 12/12 വരെ അടവാക്കേ തുക

135 × 5256 × 21/12 - 1241730

(-) മുന്നിരിപ്പു തുക - 298841

942889

ഫൈൻ - 18859

961747

അധികം നൽകിയ തുക - 1964050 - 961747 = 10,02,303

അധികമായി അടവാക്കിയ/ഗ്രാന്റിൽ നിന്നും കുറവു ചെയ്ത 1002303 രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കുന്നതിനോ തുടർന്നുള്ള വെള്ളക്കരത്തിൽ വക വെയ്ക്കുന്നതിനോ നടപടി സ്വീകരിക്കേ താണ്.

LOCAL FUND AUDIT DEPARTMENT

**3(6) തെരുവു വിളക്ക് മാറ്റി സ്ഥാപിയ്ക്കൽ, റിപ്പയർ – അപാകതകൾ**
**പ്രൊജക്ട് നമ്പർ 48/11**

വികസന ഫ ിൽ നിന്നും 102350/- രൂപയും തനതു ഫ ിൽ നിന്നും 497650 രൂപയും ഉൾപ്പെടെ ആകെ 600000 രൂപ വകയിരുത്തിയ പദ്ധതി പ്രകാരം താഴെ പറയും പ്രകാരം തെരുവു വിളക്കുകൾ വാങ്ങുന്നതിന് പണം ചെലവഴിച്ചിട്ടു ˇ.

| വൗച്ചർ നമ്പർ | | |
|---|---|---|
| 39/10-10/30.9.10 | ഹാവൽസ് സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ്സ് 29 എണ്ണം<br>മൈക്രോ ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് 19 എണ്ണം | 81,200.04<br>20,900.05<br>102100.09 |
| 19/3/11/4.3.11 | ഹാവൽസ് സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ്സ് 81 എണ്ണം<br>മൈക്രോ ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് - 21 എണ്ണം | 249900.00 |

352000.00

9-2-2004 ലെ കെ.എസ്.ഇ.ബി. സർക്കുലർ നമ്പർ ബി.ഒ.(എഫ്.എം) 3121/2004/ഡി.പി.സി.11/2004/കെ.എസ്.ഇ.ബി. പ്രകാരം കെ.എസ്.ഇ.ബിയുടെ സൂപ്പർവിഷനിൽ യോഗ്യരായ ഇലക്ട്രിക്കൽ കോൺട്രാക്ടർമാരെക്കൊ ˇ തെരുവു വിളക്കുകൾ ഘടിപ്പിയ്ക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടു ˇ. എന്നാൽ മുകളിൽ പരാമർശിച്ച പ്രകാരം വില നൽകി ലഭ്യമാക്കിയ വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി. യുടെ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അഴിച്ചു മാറ്റിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവു ചെയ്ത 3,52,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**3(7) മരാമത്ത് പ്രവൃത്തികൾ, തനത് ഫ ˇ വിഹിതം നൽകുന്നതിൽ കാലതാമസം**

നിലമ്പൂർ നഗരസഭയിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ തനതു ഫ ˇ വിഹിതം നൽകുന്നതിൽ വളരെ കാലതാമസം ഉ ായതായി പരിശോധനയിൽ വ്യക്തമായിട്ടു ˇ. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പൂർത്തിയായ തീയതി | തനതു ഫ ˇ നൽകിയ തീയതി, വൗച്ചർ നമ്പർ, തുക |
|---|---|---|
| 1. ചക്കാലക്കുത്ത് എൻ.എസ്.എസ്. ഹൈസ്കൂൾ റോഡ് | 22-1-10 | 62/10-11/25-3-11<br>1,26,221.00 |
| 2. ചെറുവത്ത്കുന്ന് എച്.എസ്. റോഡ് | 1-2-2010 | 62/10-11/25-3-11<br>100000.00 |
| 3. പാത്തിപ്പാറ ഏനാന്തി റോഡ് | 15-2-2010 | 62/10-11/25-3-11<br>2,28,000 |
| 4. ചെമ്പയിൽ എസ്.സി. കോളനി റോഡ് കോൺക്രീറ്റ് | 14-1-2010 | 62/10-11/25-3-11<br>14,690.00 |

LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| 5. രാമൻകുത്ത് ലക്ഷംവീട് കോളനി റോഡ് | 23-2-2010 | 62/10-11/25-3-11<br>1,45,000.00 |

ഈ പ്രവൃത്തികൾ ഉൾപ്പെടെ 27 പ്രവൃത്തികളുടെ തനതു ഫ ് വിഹിതം 25-3-11 നാണ് നൽകിയിട്ടുള്ളത് (3266448). എല്ലാ പ്രവൃത്തികൾക്കും പൂർത്തിയായി ഒരു വർഷം കഴിഞ്ഞ ശേഷമാണ് തനതു ഫ ് വിഹിതം നൽകിയിട്ടുള്ളത്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലഭ്യമാകുന്നതിൽ കൂടുതൽ തനതു ഫ ് വകയിരുത്തുന്നതു മൂലമാണ് തനത് ഫ ് നൽകുന്നതിൽ കാലതാമസ്സം ഉ ായത് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തേ താണ്.

## 3(8) ജലസേചന പ്രവൃത്തി ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല

സർക്കാർ ഉത്തരവ് (എം.എസ്) 40/2004/ത.സ്വ.ഭ.വ. തീയതി 31.3.2004 അനുസരിച്ച് ജലസേചന പ്രവൃത്തികൾക്ക് 10% ഗുണഭോക്തൃ വിഹിതം ഈടാക്കേ താണ്. താഴെ പറയുന്ന പ്രവൃത്തിയിൽ 10% ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല.

| പ്രവൃത്തി | പ്രവൃത്തിയുടെ മൂല്യം | ഈടാക്കേ ഗുണഭോക്തൃ വിഹിതം |
|---|---|---|
| ഏനാന്തി കനാൽ എക്സ്റ്റഷൻ പ്രവൃത്തി. എഗ്രിമെന്റ് 29/10-11 തീയതി 14-9-10.<br>കൺവീനർ : ഉമ്മർ<br>അടങ്കൽ :<br>വി.ഫ ് - 200000<br>ത.ഫ ് - 100000<br>300000 | 279708/-<br>വൗച്ചർ നമ്പർ<br>57/10-11/25.2.11 | 27970 |

പ്രവൃത്തി നടക്കുന്ന ഒരു ഘട്ടത്തിലും ഗുണഭോക്തൃ വിഹിതം ഈടാക്കാൻ സാധിയ്ക്കില്ല എന്ന് ഗുണഭോക്തൃ സമിതി അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 27,970 രൂപ ഈടാക്കി നഗരസഭയിൽ അടവാക്കേ താണ്.

## 3(9) ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ പ്രവൃത്തികൾ - രേഖകൾ കൃത്യമായി സൂക്ഷിച്ചില്ല

സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ, സർക്കാർ ഉത്തരവ് എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ ഗുണഭോക്തൃ സമിതികൾ പാലിയ്ക്കേ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. പ്രധാന നിബന്ധനകൾ ചുവടെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

1) ചെലവു സംബന്ധിച്ച വൗച്ചറുകൾ നമ്പരിട്ട് സൂക്ഷിക്കുകയും കണക്കു പുസ്തകത്തിൽ കൺവീനറും ചെയർമാനും ഒപ്പിടുകയും ചെയ്യണം. എന്നാൽ പല പ്രവൃത്തികളിലും ഈ നിബന്ധന പാലിച്ചിട്ടില്ല.

2) മസ്റ്റർ റോളിൽ തൊഴിലാളികളുടെ പേര്, മേൽവിലാസം, വയസ്സ്, അച്ഛന്റെ പേര്, ഹാജർ, വേതന നിരക്ക്, വേതനം എന്നിവ രേഖപ്പെടുത്തുകയും തീയതി വെച്ച് ഒപ്പിടുകയും വേണം. പല പ്രവൃത്തികളിലും മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പിട്ടിട്ടില്ല. പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടുമില്ല.

3) പ്രവൃത്തി പൂർത്തിയാകുമ്പോൾ എഞ്ചിനീയർ രേഖപ്പെടുത്തിയ അളവുകൾ പ്രകാരമുള്ള തുകയോ ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് സമിതിയ്ക്ക് നൽകേ ത്. ഫൈനൽ ബിൽ ലഭിച്ച ശേഷം ഗുണഭോക്തൃ സമിതി യോഗം ചേർന്ന് വരവു ചെലവു കണക്ക് അവതരിപ്പിക്കുകയും ബാങ്ക് അക്കൗ ് ക്ലോസ്സ് ചെയ്യുകയും വേണം. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഗുണഭോക്തൃ സമിതി മിനുട്സ് പൂർണ്ണമല്ല.

4) ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ ഉള്ള ബാങ്ക് അക്കൗ ് വഴിയാണ് പണം ഇടപാടുകൾ നടത്തേ ത്. എന്നാൽ പല പ്രവൃത്തികളുടെയും പാസ്സ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) പ്രവൃത്തിയുടെ കൺവീനർ ദൈനംദിന ഡയറി എഴുതി സൂക്ഷിക്കേ താണ് എന്ന നിബന്ധനയും പാലിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അപാകതകൾ |
|---|---|
| 1. സി.എച്. കോളനി അങ്കണവാടി നിർമ്മാണം.<br>കൺവീനർ : ശ്രീമതി.ഉഷാകുമാരി.കെ.<br>400000/- സി.ബി. നമ്പർ 52/10-11/14.1.2011<br>പ്രവൃത്തിയുടെ മൂല്യം - 391428 | ചെലവു വൗച്ചറുകൾ, പാസ്സ്ബുക്ക്, മസ്റ്റർ റോൾ, ഗുണഭോക്തൃ സമിതി മിനുട്സ് എന്നിവ ഹാജരാക്കിയില്ല |
| 2. ജവഹർ കോളനി കരിമ്പുഴ എസ്.സി. കോളനി നടപ്പാത കോൺക്രീറ്റ്.<br>കൺവീനർ - ശ്രീ.ആർ.കെ.അഭിലാഷ്<br>340000/- സി.ബി. നമ്പർ 48/10-11/10-12-10 | ചെലവു വിവരങ്ങൾ, പാസ്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല. 101800 രൂപയുടെ മസ്റ്റർ റോൾ ഹാജരാക്കിയിട്ടു െ ങ്കിലും തൊഴിലാളികളുടെ ഒപ്പുകൾ രേഖപ്പെടുത്തിയിട്ടില്ല. |
| 3. ഏനാന്തി കനാൽ എക്സ്റ്റൻഷൻ പ്രവൃത്തി. കൺവീനർ - ശ്രീ.ഉമ്മർ<br>എഗ്രിമെന്റ് - 29/10-11 തീയതി 14-9-2010<br>460000. സി.ബി. നമ്പർ 57/10-11/26-2-11 | ചെലവു വിവരങ്ങൾ, പാസ്സ് ബുക്ക്, മസ്റ്റർ റോൾ എന്നിവ ഹാജരാക്കിയില്ല. |

LOCAL FUND AUDIT DEPARTMENT

| | |
|---|---|
| 4. വഹാബ് കോളനി - മുതീരി എസ്.സി. കോളനി റോഡ് അറ്റകുറ്റപ്പണി<br>300000/- സി.ബി. നമ്പർ 26/10-11/1.7.10<br>ശ്രീ.കെ.അനൂപ് | ചെലവ് വിവരങ്ങൾ, പാസ്സ് ബുക്ക്, മസ്റ്റർ റോൾ എന്നിവ ഹാജരാക്കിയില്ല |
| 5. പൂളമല എസ്.സി. കോളനി ഫുട്പാത്ത്. 280000/-<br>സി.ബി. നമ്പർ 32/10-11/27-8-10<br>കൺവീനർ - ചന്ദ്രൻ | ചെലവ് വിവരങ്ങൾ, പാസ്സ് ബുക്ക്, മസ്റ്റർ റോൾ എന്നിവ ഹാജരാക്കിയില്ല |
| 6. കൃഷി ഭവൻ റിപ്പയർ.<br>കൺവീനർ - കെ.സുബ്രഹമണ്യൻ<br>23-3-10. 25000/- | ചെലവ് വിവരങ്ങൾ, പാസ്സ് ബുക്ക്, മസ്റ്റർ റോൾ എന്നിവ ഹാജരാക്കിയില്ല |
| 7. മുമ്മുള്ളി എസ്.സി. കോളനി.<br>കൺവീനർ - രാജൻ. 200000<br>സി.ബി. നമ്പർ 66/10-11/31-3-11 | ചെലവ് വിവരങ്ങൾ, പാസ്സ് ബുക്ക്, മസ്റ്റർ റോൾ എന്നിവ ഹാജരാക്കിയില്ല. 67240 രൂപയുടെ മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |

സർക്കാർ നിർദ്ദേശം പാലിക്കേ തും ഗുണഭോക്തൃ സമിതികൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ എല്ലാ നിബന്ധനകളും പാലിച്ചുകൊ ് നിർവഹണം നടത്തുന്നു ് എന്ന് ഉറപ്പു വരുത്തേ തുമാണ്.

**3(10) ജന സേവാ കേന്ദ്രം നിർമ്മാണം റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കുന്നതിന് മുമ്പ് പ്രവൃത്തി ചെയ്തത് ക്രമവിരുദ്ധം.**

പ്രൊജക്ട് നമ്പർ - എസ് 206/12
കരാറുകാരൻ - മുജീബ് റഹ്മാൻ.എൻ.കെ
തുക - 1100000/-
എഗ്രിമെന്റ് - 76/11-12 തീയതി 7.12.11
പ്രവൃത്തിയുടെ മൂല്യം - 1090772.00

**അപാകതകൾ**

7-12-11 ന് എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിച്ചു എങ്കിലും 24-12-12 ലെ മുനിസിപ്പൽ കൗൺസിൽ തീരുമാനം അനുസരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയ്ക്ക് സമർപ്പിച്ചു. ഒറിജിനൽ എസ്റ്റിമേറ്റിലെ അപ്പൻഡിക്സ് എ, ഐറ്റം നമ്പർ 13, 14, 15, 16, 19, 20, 21, 22, 23, അപ്പൻഡിക്സ് ബി യിലെ 8, 9, 10, 13, 14 എന്നിവ ഒഴിവാക്കിയും ജനൽ, വാതിൽ എന്നിവയ്ക്ക് എം.എസ്. ഗ്രിൽസ് ഘടിപ്പിക്കുന്നതിനുള്ള ഐറ്റം കൂട്ടിച്ചേർത്തുമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചത് 6-3-12 ലെ ആർ.ഇ. നമ്പർ 02/എം.എൽ.ടി.എ.ജി./ആർ.ബി/എൻ.ബി.ആർ/11-12 പ്രകാരമാണ്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയുടെ അളവ് 7-12-11 മുതൽ 27-3-12 വരെയുള്ള വിവിധ ദിവസങ്ങളിലായി അളവു പുസ്തകം നമ്പർ 48/11-12 ൽ

LOCAL FUND AUDIT DEPARTMENT

രേഖപ്പെടുത്തിയിട്ടു ്. ആയത് 8-12-11 മുതൽ 30-3-12 വരെയുള്ള വിവിധ തീയതികളിൽ ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടു ്. കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 1997 ചട്ടം 14(5) പ്രകാരം ഒരു പൊതുമരാമത്ത് പണി എസ്റ്റിമേറ്റ് അനുസരിച്ച് നടത്തി വരവെ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്ന പണി ഇനമോ കൂടുതലായി ചെയ്യേ ി വരുന്ന പണിയോ നടത്തേ ി വരുന്ന സംഗതിയിൽ അധികമായി ചെയ്യേ ി വരുന്ന പണിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേ തും അതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും മുൻകൂട്ടി വാങ്ങേ തുമാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് മുൻകൂട്ടി അനുമതി ലഭ്യമാക്കാതെ പ്രവൃത്തി നിർവഹിച്ചത് ക്രമവിരുദ്ധമായ നടപടിയായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

**<u>ജനസേവാ കേന്ദ്രം കെട്ടിടം ഉപയോഗയോഗ്യമാക്കിയില്ല.</u>**

27-3-12 ന് പണി പൂർത്തീകരിച്ചെങ്കിലും ജനൽ, വാതിൽ എന്നിവ ഘടിപ്പിയ്ക്കൽ, വൈദ്യുതീകരണ പ്രവൃത്തികൾ, പെയ്ന്റിംഗ് എന്നിവ ചെയ്തിട്ടില്ല. കെട്ടിടം ഇപ്പോൾ ഉപയോഗപ്രദമായ അവസ്ഥയിലല്ല. 11 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ഉപയോഗക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേ താണ്.

**<u>3(11) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല</u>**

വിവിധ പ്രൊജക്ടുകൾ നടപ്പാക്കുന്നതിനായി നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് താഴെ പറയും പ്രകാരം പണം നൽകിയിട്ടു ്.

| വൗച്ചർ നമ്പർ | തുക | ഇനം |
|---|---|---|
| 95/3-11/23-3-11 | 275125.00 | ഐ.എ.വൈ. നഗരസഭാ വിഹിതം |
| 57/12-10/18-12-10 | 150000.00 | ഐ.എ.വൈ അധിക വിഹിതം |

മേൽപ്പറഞ്ഞ തുക വിനിയോഗിച്ചതിനുള്ള സാക്ഷ്യപത്രം ലഭ്യമാക്കേ താണ്. 425125 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**<u>3(12) മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗം സർക്കാർ നിർദ്ദേശം പാലിച്ചില്ല</u>**

ജി.ഒ.(എം.എസ്) 330/2004/ത.സ്വ.ഭ.വ. തീയതി 9.12.2004 അനുസരിച്ച് പുതിയ റോഡുകൾ നിർമ്മിക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ വ്യവസ്ഥയില്ല. പ്രൊജക്ട് നമ്പർ 27/10 ഹരിശ്രീ റോഡ് ഫോർമേഷൻ പ്രവൃത്തിയ്ക്കായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ചിട്ടു ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അടങ്കൽ | പ്രവൃത്തിയുടെ മൂല്യം |
|---|---|---|
| ഹരിശ്രീ റോഡ് ഫോർമേഷൻ<br>വി.എം.ജേക്കബ്. എസ്.113/08<br>എം.ബി - 31/08 | എം.ജി. - 25000<br>ത.ഫ - 15716 | 40716/- |

LOCAL FUND AUDIT DEPARTMENT

സർക്കാർ നിർദ്ദേശം പാലിക്കാതെ മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചതിന് സാധൂകരണം ലഭ്യമാക്കേ താണ്. 25,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3(13) പാർട്ട് ബിൽ നൽകിയത് – പൂർത്തീകരണ വിവരം ലഭ്യമാക്കേ താണ്.

പ്രവൃത്തി – എസ്.070/12. ചെട്ടിയങ്ങാടി മാർക്കറ്റിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം

| | | |
|---|---|---|
| | 100000 | – എം.ജി |
| | 100000 | – തനത് ഫ ് |
| നിർവഹണം – മുനിസിപ്പൽ എഞ്ചിനീയർ | 200000 | |
| ബിൽ – 46/11-12 തീയതി 31.3.12 | | |

പരിസര വാസികൾ പ്രവൃത്തി തടസ്സപ്പെടുത്തിയിരിക്കുകയാണെന്നും പ്രവൃത്തി തുടർന്ന് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം ചെയ്ത പ്രവൃത്തികൾക്ക് ബില്ല് നൽകുകയോ ചെയ്യണമെന്ന് കാണിച്ച് കരാറുകാരൻ ശ്രീ.സുധീർ.കെ. 30-4-12 ന് നഗരസഭക്ക് കത്ത് നൽകുകയു ായി. 16-7-12 ന് ചേർന്ന പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി കത്ത് ചർച്ച ചെയ്യുകയും വിഷയം കൗൺസിലിലേക്ക് റഫർ ചെയ്തിരിക്കുകയുമാണ്.

പ്രവൃത്തിയിൽ ആകെ 24 ഇനങ്ങളുള്ളതിൽ 12 ഇനങ്ങൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേ താണ്. പാർട്ട് ബിൽ വിവരം ചുവടെ ചേർക്കുന്നു.

എം.ബി – 66/12

| | | | |
|---|---|---|---|
| മൊത്തം മൂല്യനിർണ്ണയം | | – | 109492 |
| (-) തനത് ഫ ് വിഹിതം | – 9492 | | |
| വാറ്റ് | – 4380 | | |
| സെസ് ,, | – 44 | | |
| ആദായ നികുതി | – 1128 | | |
| നി.തൊ.ക്ഷേമനിധി | – 1095 | – | 16139 |
| അറ്റ തുക | | | 93353 |

പാർട്ട് ബില്ലിൽ നിന്ന് 10% റിടൻഷൻ തുക ഈടാക്കേ തായിരുന്നുവെങ്കിലും ആയത് ഈടാക്കിയിട്ടില്ല.

## 3(14) ക്ഷേമ പെൻഷനുകളുടെ നടത്തിപ്പ്

വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി 2010-11 ൽ 9062944 രൂപയും 2011-12 ൽ 10517955 രൂപയും നഗരസഭ ചെലവഴിച്ചിട്ടു ്. ഓരോ ഇനം പെൻഷനുകൾക്കും ചെലവഴിച്ച തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

| ഇനം | 2010–11 | 2011–12 |
|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 1699763 | 2325405 |
| വിധവാ പെൻഷൻ | 3432730 | 4082145 |
| വികലാംഗ പെൻഷൻ | 1142165 | 725445 |
| കർഷക തൊഴിലാളി പെൻഷൻ | 1801920 | 2386440 |
| തൊഴിൽ രഹിത വേതനം | 680520 | 560040 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 305846 | 438480 |
| ആകെ | 9062944 | 10517955 |

2012 മാർച്ച് മാസത്തിൽ നഗരസഭയിൽ നിന്നും വിവിധ ക്ഷേമ പെൻഷനുകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം താഴെ ചേർത്ത പ്രകാരം 2822 ആണ്.

വാർദ്ധക്യ കാല പെൻഷൻ - 749 പേർ
വിധവാ പെൻഷൻ - 1149 പേർ
വികലാംഗ പെൻഷൻ - 343 പേർ
കർഷക തൊഴിലാളി പെൻഷൻ - 473 ,,
തൊഴിൽ രഹിത വേതനം - 492 ,,

50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത
സ്ത്രീ പെൻഷൻ - 108
ആകെ 3314

നഗരസഭ വർഷം തോറും ഭീമമായ തുക ചെലവഴിച്ച് ആയിരക്കണക്കിനാളുകൾക്ക് ധനസഹായം വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകൾക്കുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 45(1) കെ പ്രകാരം ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവരുടെ അർഹത വാർഡ് സഭ പരിശോധിക്കേ തു ്. എന്നാൽ നഗരസഭയിലെ ഒരു ക്ഷേമ പെൻഷനുകളുടെയും അർഹത വാർഡ് സഭ പരിശോധിച്ചതായി കാണുന്നില്ല.

2) പെൻഷൻ ഗുണഭോക്താക്കളുടെ വാർഡ് തല ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

3) പെൻഷൻ അപേക്ഷ രജിസ്റ്റർ (ലഭിച്ച/അനുവദിച്ച/നിരസിച്ച അപേക്ഷ സംബന്ധിച്ച രജിസ്റ്റർ) റിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. അനുവദിച്ച എല്ലാ അപേക്ഷകരുടെയും പേര് വിവരം പെൻഷൻ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയോ എന്നത് ഉറപ്പു വരുത്താൻ വേ വിവരങ്ങൾ ഉൾപ്പെടുത്തി ഈ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കേ താണ്.

LOCAL FUND AUDIT DEPARTMENT

4) പെൻഷനുകൾക്കായി ലഭിക്കുന്ന അപേക്ഷകൾക്ക് ക്രമ നമ്പർ നൽകേ താണെങ്കിലും അപേക്ഷകൾക്ക് ക്രമ നമ്പർ നൽകിയിട്ടില്ല. പെൻഷൻ അപേക്ഷകൾ ലഭിച്ച് 10 ദിവസത്തിനകം അന്വേഷണം നടത്തി 30 ദിവസത്തിനകം തീർപ്പ് കൽപ്പിക്കേ താണെങ്കിലും ഈ സമയ ക്രമം ഒരു പെൻഷന്റെ കാര്യത്തിലും പാലിക്കുന്നില്ല. ഉദാഹരണമായി 28-4-2011 ന് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർന്ന് ഭരണ സമിതിയും പാസ്സാക്കിയ തൊഴിൽ രഹിത വേതനത്തിനുള്ള 44 അപേക്ഷകളും 8/2010 ന് മുമ്പ് ലഭിച്ചവയായിരുന്നു. 9/2010 മുതൽ 12/2010 വരെ ലഭിച്ച അപേക്ഷകൾ ഈ സമയത്തും തീർപ്പാക്കാതെ കിടക്കുന്നുമു ായിരുന്നു.

5) അപേക്ഷകൾ മുനിസിപ്പാലിറ്റിയിൽ ലഭിച്ച് കഴിഞ്ഞാൽ സമയക്രമം പാലിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥർക്ക് അപേക്ഷകൾ കൈമാറേ താണ്. അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിന്റെയും അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിന്റെയും തീയതിയടക്കമുള്ള വിവരങ്ങൾ കൃത്യമായി ഫയൽ ചെയ്യപ്പെടുന്നില്ല. ആയതിനാൽ അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്ന കാര്യത്തിൽ എവിടെയാണ് വീഴ്ചയു ാകുന്നത് എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല.

LOCAL FUND AUDIT DEPARTMENT

**3(15) പത്തിരി, ചപ്പാത്തി നിർമ്മാണ യന്ത്രം - അധികം വില നൽകിയതുമൂലം നഷ്ടം**

2011-12 വർഷത്തിൽ ഐ.ഇ.ഒ. നിർവഹണം നടത്തിയ 'എസ്.സി. വനിത സ്വയംതൊഴിൽ യൂണിറ്റ് ചപ്പാത്തി പത്തിരി നിർമ്മാണ മെഷീൻ' എന്ന പ്രൊജക്ട് പ്രകാരം ചപ്പാത്തി പത്തിരി നിർമ്മാണ യന്ത്രങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടെ ർ ക്ഷണിച്ചതിൽ ഉപകരണങ്ങളുടെ വിലയിനത്തിൽ 7,40,000/- രൂപയും ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തന സജ്ജമാക്കുന്നതിനും 60,000/- രൂപയും ആയി ടെ ർ നൽകിയ 'പ്രകൃതി ഗ്രൂപ്പ് ആലുവ' എന്ന സ്ഥാപനത്തിന്റെ ടെ ർ ഭരണ സമിതി അംഗീകരിക്കുകയും സ്ഥാപനവുമായി കരാർ വയ്ക്കുകയും ചെയ്തിട്ടു ്. (തീരുമാനം 1(5) തീയതി 3-11-11).

ടെ ർ പ്രകാരം ടി സ്ഥാപനം ഉപകരണങ്ങൾ സപ്ലൈ ചെയ്തിട്ടു ്. എന്നാൽ നാളിതുവരെയും ഉപകരണങ്ങൾ സ്ഥാപിക്കുകയും പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടില്ല.

ടി സ്ഥാപനത്തിന് താഴെ പറയും പ്രകാരം പണം നൽകിയിട്ടു ്.

| ട്രഷറി ബിൽ നമ്പർ | തുക | കുറിപ്പ് |
|---|---|---|
| 1/2012 തീയതി 2-3-12 | 775000 | ഡി.ഡി. നമ്പർ 151838 പ്രകാരം തുക സ്ഥാപനം 20-3-12 ന് കൈപ്പറ്റി |

സപ്ലൈ ചെയ്ത ഉപകരണങ്ങൾ സ്ഥാപിക്കാത്തതിനാൽ ഉപകരണത്തിന്റെ വിലയിനത്തിൽ 7,40,000/- രൂപ മാത്രമേ സ്ഥാപനത്തിന് ലഭിക്കാൻ അർഹതയുള്ളു. എന്നാൽ 7,75,000 രൂപ നൽകിയിട്ടു ്. അധികം നൽകിയ തുക 35,000/- രൂപ

(775000-740000) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി തിരിച്ചടക്കേ താണ്. കൂടാതെ യന്ത്രം നാളിതുവരെ പ്രവർത്തനക്ഷമമാക്കാത്തതിനാൽ വിലയിനത്തിലെ ചെലവ് ഉപയോഗപ്പെടാതെ പാഴ്ചെലവായിരിക്കുകയാണ്. (ഖണ്ഡിക 3(32) കൂടി കാണുക).

**3(16) നീതി മെഡിക്കൽ സ്റ്റോറിന് മരുന്ന് വില നൽകിയത് – സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധവും നഗരസഭക്ക് ധന നഷ്ടവും**

ഒറ്റപ്പെട്ട വനിതകളുടെ ആരോഗ്യ സംരക്ഷണം (സഹജ), എസ്.സി. വനിതകളുടെ ആരോഗ്യ സുരക്ഷ, ബാല സുരക്ഷ, വൃദ്ധർക്ക് ആരോഗ്യ സുരക്ഷ, പരിരക്ഷ (സ്വസ്തം) എന്നീ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ആവശ്യമായ മരുന്നുകൾ നൽകിയതിന്റെ വിലയിലേക്ക്, നിലമ്പൂർ സർവീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോറിന് താഴെ കാണും പ്രകാരം 25,60,493 രൂപ നൽകിയിട്ടു ്.

| ബിൽ/ചെക്ക് | തുക | പ്രൊജക്ട് | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1. 3/3-2-12 | 127734 | എസ്.214/12 പരിരക്ഷ | സൂപ്ര ്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, നിലമ്പൂർ |
| 2. 1757929/6.3.12 | 99245 | ,, | ,, |
| 3. 14/31.3.12 | 23563 | 42/11-12 പരിരക്ഷ | ,, |
| 4. 15/31.3.12 | 56000 | എസ്.019/12 (സഹജ) | ,, |
| 5. 7/31.1.12 | 14400 | ,, | ,, |
| 6. 1757930/6.3.12 | 95093 | ,, | ,, |
| 7. 8/31.1.12 | 25183 | എസ്.020/12 എസ്.സി. വനിതകളുടെ ആരോഗ്യ സുരക്ഷ | ,, |
| 8. 12/31.3.12 | 9971 | ,, | ,, |
| 9. 5/31.1.12 | 133772 | എസ്.082/12 ബാലസുരക്ഷ | ,, |
| 10. 18/31.3.12 | 110370 | ,, | ,, |
| 11. 6/31.1.12 | 455177 | എസ്.035/12 വൃദ്ധരുടെ ആരോഗ്യ സുരക്ഷ | ,, |
| 12. 17/31.3.12 | 44823 | ,, | ,, |
| 13. 1757929/6.3.12 | 200000 | ,, | ,, |

**2010-11**

| | | | |
|---|---|---|---|
| 14. 3/30.9.10 | 103286 | എസ്.039/11 ബാലസുരക്ഷ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ചുങ്കത്തറ |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 15. 7/10-12-10 | 38251 | ,, | ,, |
| 16. 11/26-3-11 | 33463 | ,, | ,, |
| 17. 1/30-9-10 | 184577 | എസ്.040/11 സമഗ്ര ആരോഗ്യ പദ്ധതി | ,, |
| 18. 17/26.3.11 | 176513 | ,, | ,, |
| 19. 28885/25.9.10 | 389496 | ,, | ,, |
| 20. 5/15-9-10 | 38397 | എസ്.042/11 പരിരക്ഷ | ,, |
| 21. 9/3-1-11 | 43690 | ,, | ,, |
| 22. 13/30.3.11 | 35144 | ,, | ,, |
| 23. 4/29-9-10 | 1069 | എസ്.100/11 എസ്.സി. വനിതകളുടെ ആരോഗ്യ സംരക്ഷണം | ,, |
| 24. 10/7-1-11 | 8125 | ,, | |
| 25. 15/26-3-11 | 13151 | ,, | |
| 26. 8/7-1-11 | 90649 | എസ്.044/11. എസ്.സി. വനിതകളുടെ ആരോഗ്യ സംരക്ഷണം | ,, |
| 27. 14/26-3-11 | 9351 | സഹജ | |

2560493

പദ്ധതി നിർവഹണത്തിൽ താഴെ കാണിച്ച അപാകതകൾ കാണുന്നു.

1) പദ്ധതിയുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല. ലഭ്യമായ വാർഡ് സഭാ മിനുട്സുകൾ പരിശോധിച്ചതിലും ഈ പദ്ധതികൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായി കാണുന്നില്ല. കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 45 പ്രകാരം വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ വാർഡ് സഭയുടെ ചുമതലകളിൽ പെട്ടതാണെന്നിരിക്കെ വാർഡ് സഭയിലൂടെയല്ലാതെ എപ്രകാരമാണ് ഗുണഭോക്താക്കളെ ക ത്തിയത് എന്ന് വ്യക്തമല്ല.

2) ഗുണഭോക്താക്കൾക്ക് ആവശ്യമായ മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കി കെ.എം.സി.എൽ - ൽ നിന്നോ ജി.ഒ.(പി) 259/10/ത.സ്വ.ഭ.വ. തീയതി 8-11-10 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കും പ്രകാരമുള്ള നടപടികളിലൂടെയൊ വാങ്ങേ തിന് പകരം പ്രാദേശികമായ നീതി സ്റ്റോറിൽ നിന്ന് മരുന്ന് നൽകി ആയതിന്റെ വില നൽകിയ നഗരസഭയുടെ നടപടി ക്രമപ്രകാരമല്ല. പൊതു മാർക്കറ്റിലെ ചില്ലറ വിലയിൽ നിന്ന് ചെറിയ തോതിലുള്ള വിലക്കുറവ് മാത്രമേ നീതി സ്റ്റോറിൽ നിന്ന് ലഭ്യമാവൂ എന്നിരിക്കെ ഈ നടപടി നഗരസഭക്ക് സാമ്പത്തിക നഷ്ടത്തിനും ഇടയാക്കിയിട്ടു ്.

35/28-12-12, /29-12-12 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2010-11 ലെ നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. 2011-12 ലെ നിർവഹണ ഉദ്യോഗസ്ഥൻ, അടുത്ത വർഷം മുതൽ കെ.എം.സി.എൽ - ൽ നിന്നോ ആശുപത്രി കോമ്പൗ ിൽ ഈയിടെ ആരംഭിച്ച കാരുണ്യ ഫാർമസിയിൽ നിന്നോ മരുന്നുകൾ

LOCAL FUND AUDIT DEPARTMENT

വാങ്ങി നൽകാമെന്നും, ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കാൻ നഗരസഭക്ക് കത്ത് നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല എന്നാണ് മറുപടി നൽകിയത്.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ചെലവിന് സാധൂകരണം ലഭ്യമാക്കേ    താണ്.

**<u>3(17) സബ്സിഡി മാർഗ്ഗ രേഖക്ക് വിരുദ്ധമായ ചെലവുകൾ</u>**

നിർവഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ
പ്രൊജക്ട് - ഒപ്പത്തിനൊപ്പം - എസ്.സി. വനിതാ സ്വയം തൊഴിൽ സംരംഭം. എസ്. 259/12

190506 പ്ലാൻ
9494
200000

ബിൽ - 190506
ചലാൻ 2071/23-5-12    9494 തനതുഫ   ്

മേൽ പ്രൊജക്ട് പ്രകാരം നിലമ്പൂരിലെ കല്ലേമ്പാടം ഗോത്രമൊഴി നാടൻ കലാ സമിതിക്ക് സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ 'ശിങ്കാരി മേളം' പരിപാടിക്കാവശ്യമായ ചെ   , താളച്ചെ   , ഇലത്താളം, ചെ    കമ്പ് എന്നിവ വാങ്ങി നൽകിയതിന് 2 ലക്ഷം രൂപ ചെലവഴിച്ചിട്ടു  ്.

ജി.ഒ.(എം.എസ്) 183/07 തീയതി 24-7-07 പ്രകാരമുള്ള വികേന്ദ്രീകൃതാസൂത്രണം സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സഹായം നൽകേ   ത് എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡങ്ങൾ പ്രകാരമാണ്. എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡങ്ങൾ പ്രകാരം ഗ്രൂപ്പടിസ്ഥാനത്തിലുള്ള സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പ്രൊജക്ട് തുകയുടെ 35% അല്ലെങ്കിൽ 3 ലക്ഷം രൂപ ഏതാണോ കുറവ് അതാണ് നൽകേ   ത്.

പ്രൊജക്ട് തുകയുടെ 35% തുകയായ 70,000 രൂപക്ക് പകരം 2 ലക്ഷം രൂപ (പ്രൊജക്ട് പ്രകാരമുള്ള മുഴുവൻ തുകയും) ഈ ഇനത്തിൽ ചെലവഴിച്ചത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ചെലവിന് സാധൂകരണം ലഭ്യമാക്കേ   താണ്. സാധൂകരണം ലഭ്യമാവുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

10/17-12-12 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ പദ്ധതി നഗരസഭ നേരിട്ട് നടപ്പാക്കിയതാണെന്നും, വാങ്ങി നൽകിയ ചെ   മേളങ്ങൾ നഗരസഭയുടെ ഉടമസ്ഥതയിലാണ് എന്നും ഈ പദ്ധതി എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡ പ്രകാരമുള്ളതുമല്ല എന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്.

LOCAL FUND AUDIT DEPARTMENT

സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകേ ത് എസ്.ജെ.എസ്.ആർ.വൈ. മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രമേ ആകാവൂ എന്ന് സബ്സിഡി മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയതാണ്. ആയതിനാൽ വിശദീകരണം അംഗീകരിക്കാവതല്ല. ചെലവിന് സാധൂകരണം ലഭ്യമാക്കേ താണ്.

**3(18) എസ്.സി/എസ്.റ്റി. കോളനികളിൽ ഭക്ഷണ വിതരണം – അപാകതകൾ**
**എസ്. 0204/11, എസ്.066/12**

പ്രൊജക്ട് - ഒപ്പത്തിനൊപ്പം, എസ്.സി/എസ്.റ്റി. കോളനികളിൽ പൂരക പോഷകാഹാര വിതരണം

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ എസ്.സി./എസ്.റ്റി വിഭാഗത്തിൽപ്പെട്ട 3-6 വയസ്സ് വരെയുള്ള കുട്ടികൾ, സ്കൂളിൽ പോകുന്ന കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരകാരായ കുട്ടികൾ എന്നിവർക്ക് പോഷകാഹാര വിതരണമാണ് ഉദ്ദേശിച്ചിരുന്നത്. പദ്ധതിക്കായി ആകെ 399553 രൂപ ചെലവഴിച്ചിട്ടു ്.

| | |
|---|---|
| 761504/19-8-10 | 95581 |
| ബിൽ 5/4-1-11 | 50325 |
| 6/15-1-11 | 41225 |
| 8/28-2-11 | 50353 |
| 9/30-3-11 | 23302 |
| 4/20-1-12 | 6497 |
| 9/30-1-12 | 54964 |
| 12/24-3-12 | 77306 |

LOCAL FUND AUDIT DEPARTMENT

പദ്ധതി നിർവഹണത്തിൽ താഴെ പരാമർശിച്ച അപാകതകൾ കാണുന്നു.

1) ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ അനുപൂരക പോഷകാഹാര പരിപാടിയിലൂടെ (എസ്.030/11) ഈ ഗുണഭോക്താക്കൾക്കെല്ലാം പോഷകാഹാരം നൽകിയിട്ടു ്.

2) ഈ പദ്ധതിയിലൂടെ അരി, ചെറുപയർ എന്നിവ മാത്രമാണ് നിർവഹണ ഉദ്യോഗസ്ഥ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. ഇവ പ്രഭാത ഭക്ഷണമായി വിതരണം ചെയ്യുകയാണു ായത് എന്ന് നിർവഹണ ഉദ്യോഗസ്ഥ 3/13-12-12 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുമു ്.

3) പോഷകാഹാര വിതരണമാണ് ഉദ്ദേശ്യമെങ്കിൽ അമൃതം ഫുഡ്, ശർക്കര, ഗോതമ്പ്, പാൽപ്പൊടി തുടങ്ങിയ ഇനങ്ങൾ പദ്ധതി പ്രകാരം നൽകേ തായിരുന്നു. എന്നാൽ അരി, ചെറു പയർ എന്നിവ മാത്രമാണ് പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് നൽകിയത്.

ആയതിനാൽ തന്നെ ഇത് കേവലമൊരു ഭക്ഷണ വിതരണ പരിപാടി മാത്രമാണ്. ശിശു വികസന പദ്ധതി, ആശ്രയ - അഗതി പുനരധിവാസ പദ്ധതികൾ എന്നീ പദ്ധതികളുടെ ഭാഗമായല്ലാതെ വികസന ഫ ് തനത് ഫ ് വിനിയോഗിച്ച് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള മറ്റു പ്രൊജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കാൻ പാടില്ല എന്ന് 71413/ഡി.ബി.2/2008/ത.സ്വ.ഭ.വ. തീയതി 10-11-08 സർക്കുലറിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്.

ആയതിനാൽ ചെലവിന് സാധൂകരണം ലഭ്യമാക്കേ താണ്. സാധൂകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

**3(19) ഭക്ഷണ വിതരണ പരിപാടികൾ - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ ചെലവ് - സാധൂകരണം ലഭ്യമാക്കേ താണ്.**

നിലമ്പൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയ രോഗികൾക്കും കൂടെ നിൽക്കുന്ന ഒരാൾക്കും ഉച്ചഭക്ഷണം നൽകിയതിന് കുടുംബശ്രീ സംരംഭമായ ഒരുമ വനിത കാന്റീനിന് താഴെ കാണും പ്രകാരം 22,15,040 രൂപ നൽകിയിട്ടു ്.

| ചെക്ക്/ബിൽ | തുക | പ്രൊജക്ട് | നിർവഹണം |
|---|---|---|---|
| 1. 1422249/18-5-10 | 119900 | എസ്.149/10 സ്പിൽ ഓവർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 2. 1422834/24-6-10 | 131620 | ,, | ,, |
| 3. 28422/31-7-10 | 215280 | ,, | ,, |
| 4. 28880/8-9-10 | 185740 | എസ്-116/11 | ,, |
| 5. ബിൽ 9/8-3-11 | 591427 | ,, | ,, |
| 6. ബിൽ 10/28-3-11 | 58573 | ,, | ,, |
| 7. ബിൽ 1/21-12-11 | 468400 | എസ്.221/12 | സൂപ്ര ്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, നിലമ്പൂർ |
| 8. 9/21-3-12 | 44100 | ,, | ,, |
| 9. 207597/16-1-12 | 200000 | ,, | ,, |
| 10. 1757927/6-3-12 | 200000 | ,, | ,, |
| | 2215040 | | |

വിശപ്പ് രഹിത ഗ്രാമം എന്ന പേരിൽ നടപ്പിലാക്കിയ ഈ പ്രൊജക്ടിന്റെ നിർവഹണത്തിൽ ക ത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 10-11-08 ലെ 71413/ഡി.ബി.2/08/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ശിശു വികസന പരിപാടികൾ, ആശ്രയ പദ്ധതി എന്നിവ മുഖേനയല്ലാതുള്ള ഭക്ഷ്യ വിതരണ പദ്ധതികൾ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

LOCAL FUND AUDIT DEPARTMENT

2) ഒരു ദിവസം പരമാവധി 200 പേർക്ക് ഭക്ഷണം നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത് എങ്കിലും മിക്കവാറും എല്ലാ ദിവസവും 200 ൽ അധികം പേർക്ക് ഭക്ഷണം നൽകിയിട്ടു ്.

3) ഗ്രാമ പഞ്ചായത്തിൽ ഭക്ഷണം ലഭിക്കാൻ ബുദ്ധിമുട്ടുന്നവർക്ക് നഗരസഭ സെക്രട്ടറി നൽകുന്ന ടോക്കണുമായി എത്തുന്നവർക്കും ഈ പദ്ധതി മുഖേന ഭക്ഷണം നൽകാൻ ഉദ്ദേശിച്ചിരുന്നെങ്കിലും അപ്രകാരം ആരും തന്നെ ടോക്കണുമായി എത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) ആശ്രയ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സ്ഥിരമായി ഭക്ഷണം വിതരണം ചെയ്യാവുന്നതാണ്. എന്നാൽ ആശ്രയ പദ്ധതിയിൽ ഇപ്രകാരമുള്ള യാതൊരു പരിപാടിയും നഗരസഭ ഏറ്റെടുത്തിട്ടില്ല. മാത്രമല്ല നഗരസഭയിൽ ഈ ഇനത്തിൽ 32,11,720 രൂപ നീക്കിയിരിപ്പുമു ്. (വിശദ വിവരത്തിന് ഖണ്ഡിക 3(31) കാണുക). ആശുപത്രിയിൽ അഡ്മിറ്റാവുന്ന ചുരുങ്ങിയ ദിവസങ്ങളിൽ ഉച്ചഭക്ഷണം മാത്രം നൽകുന്നതിന് പകരം ആശ്രയ പദ്ധതി നടപ്പിലാക്കാൻ നഗരസഭ ശ്രദ്ധിച്ചിരുന്നെങ്കിൽ അതാകുമായിരുന്നു കൂടുതൽ ഫലപ്രദം.

വിശദീകരണം ആരാഞ്ഞ് 10/17-12-12, 35/28-12-12 എന്നീ നമ്പറുകളിലായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് നഗരസഭ ഈ പദ്ധതി പ്രകാരമുള്ള ചെലവുകൾക്ക് സാധൂകരണത്തിനായി സർക്കാരിലേക്ക് എഴുതിയിട്ടു ന്നും ആശുപത്രിയിൽ അഡ്മിറ്റാവുന്ന രോഗികളുടെ എണ്ണം 200 ലും അധികമായിരുന്നതിനാലാണ് 200 എണ്ണത്തിൽ പരിമിതപ്പെടുത്താൻ കഴിയാതിരുന്നത് എന്നുമാണ് നിർവഹണ ഉദ്യോഗസ്ഥർ മറുപടി നൽകിയത്.

22,15,040 രൂപയുടെ ചെലവിന് സാധൂകരണം ലഭ്യമാക്കേ താണ്.

<u>**3(20) രേഖകൾ ലഭ്യമല്ല - ചെലവ് തുക തടസ്സം ചെയ്യുന്നു.**</u>

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

വിവിധ പദ്ധതികളിലായി 2010-11, 2011-12 വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ സബ്സിഡി ഇനത്തിൽ കുളക്ക ം ക്ഷീര സഹകരണ സംഘത്തിന് താഴെ കാണും പ്രകാരം 2,94,500 രൂപ നൽകിയിട്ടു ്.

| **ബിൽ** | **തുക** | **പ്രൊജക്ട്** |
|---|---|---|
| 1/6-9-10 | 15,000 | എസ്.103/11 |
| 2/8-12-10 | 22500 | ,, |
| 4/17-3-11 | 66000 | എസ്.212/11 |
| 6/23-3-11 | 41,000 | ,, |

LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| ചെക്ക് 156540/24-8-11 | 25,000 | എസ്. 212/12 തനത് ഫ ˘ |
| ബിൽ 8/15-2-12 | 77,000 | എസ്.015/12 |
| 11/31-3-12 | 48,000 | ,, |
| | 2,94,500 | |

എന്നാൽ മേൽ പദ്ധതികൾ ഗുണഭോക്താക്കൾ ടി സംഘത്തിൽ നിന്ന് വളം വാങ്ങിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 294500 രൂപ തടസ്സം ചെയ്യുന്നു.

II) ഗ്രാമരക്ഷ - മുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തത (എസ്. 241/12) പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 8 കോഴി എന്ന കണക്കിൽ 4000 ഗുണഭോക്താക്കൾക്ക് ആകെ 32,000 കോഴി വിതരണം ചെയ്തതിന്റെ സബ്സിഡി ഇനത്തിൽ വിവിധ ഫാമുകൾക്ക് താഴെ കാണും പ്രകാരം 16 ലക്ഷം രൂപ നൽകിയിട്ടു ˘.

| | | |
|---|---|---|
| ബിൽ | 1/20-10-11 | 426750 |
| | 9/19-3-12 | 173250 |
| ചെക്ക് | 207598/19-12-11 | 289500 |
| ,, | 232577/28-3-12 | 451500 |
| ,, | 207539/11-11-11 | 143000 |
| ,, | ലഭ്യമല്ല | 116000 |
| | ആകെ | 1600000 |

എന്നാൽ കോഴി ഫാമുകളിൽ നിന്ന് ലഭ്യമായ കോഴികൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല പദ്ധതി നടപ്പിലാക്കിയതിന് ശേഷം മുട്ട ഉത്പാദനത്തിൽ വന്ന പുരോഗതി സംബന്ധിച്ച പഠനങ്ങളോ/ഉത്പാദന വർദ്ധനവ് സംബന്ധിച്ച കണക്കെടുപ്പോ നിർവഹണ ഉദ്യോഗസ്ഥർ നടത്തിയതായി കാണുന്നില്ല.

മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

13/18-12-12 ആയി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത് താഴെ കാണും പ്രകാരമാണ്.

<u>ക്രമ നമ്പർ - 1 -</u> 'രേഖകൾ ഇതൊന്നിച്ച് ഹാജരാക്കുന്നു എന്നു ങ്കിലും ഒന്നും ലഭ്യമാക്കിയിട്ടില്ല. ക്ഷീര സഹകരണ സംഘം ചില പേപ്പറുകൾ ഹാജരാക്കിയെങ്കിലും ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങിയതിന്റെ രേഖകൾ അവയിലു ായിരുന്നില്ല.'

<u>ക്രമ നമ്പർ -2-</u> 'രജിസ്റ്ററിൽ 16690 കോഴികൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം മാത്രമാണുള്ളത്. ആകെ 32,000 കോഴികൾ പദ്ധതി പ്രകാരം വാങ്ങിയിട്ടു ˘. രജിസ്റ്ററിൽ കൈപ്പറ്റ് വിവരവുമില്ല.'

LOCAL FUND AUDIT DEPARTMENT

**<u>3(21) ഒപ്പത്തിനൊപ്പം സമഗ്ര വികസനം – പ്രൊജക്ട് രൂപീകരണത്തിലും നടത്തിപ്പിലുമുള്ള അപാകതകൾ</u>**

പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി 2010-11 ന് നഗരസഭ തയ്യാറാക്കിയ ഒപ്പത്തിനൊപ്പം സമഗ്ര വികസനം (എസ്.0049/11) എന്ന പ്രൊജക്ടിന്റെ നിർവഹണത്തിന് വികസന ഫ ് 3 ലക്ഷം രൂപയും തനത് ഫ ് 1,95,000 രൂപയും വകയിരുത്തുകയു ായി. പ്രൊജക്ടിന്റെ നിർവഹണത്തിനായി ഫ ് വിനിയോഗിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/തീയതി | തുക | ചെലവ് വിവരങ്ങൾ |
|---|---|---|
| 1. 3/25-1-11 | 64840 | (1) കോളനികളിൽ പഠനോപകരണ വിതരണം (ബാഗ്) - 49600 (ഡി.ഡി. 961178/1-2-11)<br>(2) പഠനോപകരണ വിതരണം (നോട്ട് ബുക്ക് മുതലായവ) (ഡി.ഡി. 961179/1-2-11 - 15240) |
| 2. 4/25-3-11 | 35160 | 1-9-2010, 2-10-2010 എന്നീ തീയതികളിലെ ഒപ്പത്തിനൊപ്പം ക്യാമ്പുകളിലെ ഭക്ഷണ ചെലവ്. ഡി.ഡി - 030019/30-3-11 - 35160 |

LOCAL FUND AUDIT DEPARTMENT

പദ്ധതി രൂപീകരണവും നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പദ്ധതിക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും ഡി.പി.സി. അംഗീകാരവും ലഭിച്ചിട്ടു ങ്കിലും പദ്ധതി കൊ ുദ്ദേശിക്കുന്നത് എന്താണെന്ന് പദ്ധതി രേഖയിലൊരിടത്തും രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി രൂപീകരണ ഫോം ഖണ്ഡിക ഡി-25 ൽ പ്രൊജക്ടിന്റെ പ്രവർത്തനവും സംഘാടനവും തുടർ നടത്തിപ്പും സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2) പഠനോപകരണങ്ങളുടെ വിതരണം, ക്യാമ്പുകളുടെ നടത്തിപ്പ് എന്നിവ പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ ഒരു തലത്തിലും തീരുമാനമു ായതായി കാണുന്നില്ല. നിർവഹണ ഉദ്യോഗസ്ഥൻ സ്വന്തമായി തെരഞ്ഞെടുത്ത പ്രവർത്തനങ്ങൾ സംഘടിപ്പിച്ചതായാണ് കാണുന്നത്.

3) വാങ്ങിയ പഠനോപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. ക്യാമ്പിൽ പങ്കെടുത്തവർ, ക്യാമ്പിൽ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമല്ല.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാൻ പര്യാപ്തമായ രേഖകൾ ഹാജരാക്കേ താണ്.

## 3(22) ചെലവ് രേഖകൾ ഹാജരാക്കിയില്ല

ജി.എൽ.പി.എസ്. നിലമ്പൂർ ഹെഡ്മാസ്റ്റർ താഴെ പറയുന്ന ചെലവുകൾ സംബന്ധിച്ച ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1) ട്രഷറി ബിൽ നമ്പർ 6/31-3-2011 - 99,900. പരിശോധനക്ക് ഹാജരാക്കിയ പ്രൊജക്ട് രജിസ്റ്റർ പ്രകാരം ഈ തുക വഴികാട്ടി (എസ്. 0253/11) എന്ന പ്രൊജക്ടിന്റെ നിർവഹണത്തിനാണ് വിനിയോഗിച്ചിട്ടുള്ളത്.

2) ട്രഷറി ബിൽ നമ്പർ 1/30-7-2010 - 8,98,000 രൂപ. പ്രൊജക്ട് രജിസ്റ്റർ പ്രകാരം ഈ തുക പ്രൊജക്ട് നമ്പർ എസ്. 0035/11 എസ്.എസ്.എ. വിഹിതം നൽകൽ എന്ന പ്രൊജക്ടിന്റെ നിർവഹണത്തിനാണ് വിനിയോഗിച്ചിട്ടുള്ളത്. തുക കൈമാറിയതിന്റെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേ താണ്. ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3(23) നിലമ്പൂർ പാട്ടുൽസവത്തിന് മുനിസിപ്പൽ ഫ ് വിനിയോഗം - പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലുമുള്ള അപാകതകൾ

നിലമ്പൂർ പാട്ടുൽസവം - സാംസ്കാരിക പൈതൃകം പരിപോഷിപ്പിക്കൽ എന്ന പേരിൽ നിലമ്പൂർ നഗരസഭ 2010-11 ലും 2011-12 ലും പ്രൊജക്ടുകൾ തയ്യാറാക്കി (എസ്.ഒ. 038/11), (എസ്.ഒ.200/12) തനത് ഫ ിൽ നിന്നും 3 ലക്ഷം രൂപ വീതം വകയിരുത്തുകയും ഡി.പി.സി. അംഗീകാരം വാങ്ങുകയും താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ഈ തുക ചെലവഴിക്കുകയും ചെയ്തിട്ടു ്.

| വൗച്ചർ നമ്പർ/തീയതി | തുക | ചെലവ് വിവരം |
|---|---|---|
| 26/7-1-11 | 200000 | തുക നിലമ്പൂർ പാട്ടുൽസവം ടൂറിസം ഫെസ്റ്റിവൽ കമ്മിറ്റി കൺവീനർക്ക് നൽകി. |
| 50/22-2-11 | 100000 | |
| 48/7-2-12 | 160000 | സ്റ്റേജ്, മറ, ഡക്കറേഷൻ വാടക - കെ.റ്റി.കുഞ്ഞിക്കോയക്ക് നൽകിയത്. |
| 49/7-2-12 | 140000 | കസേര വാടക - കെ.റ്റി.അബ്ദുൽ നാസറിന് നൽകിയത്. |

പദ്ധതി രൂപീകരണവും നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1) -ാം വകുപ്പ് ഒന്നാം പട്ടിക പ്രകാരം മുനിസിപ്പാലിറ്റിക്കുള്ള അനിവാര്യമോ മേഖലാപരമോ പൊതുവായതോ ആയ ചുമതലകളിൽ സാംസ്കാരിക പൈതൃകം പരിപോഷിപ്പിക്കൽ, ഉൽസവങ്ങളുടെ നടത്തിപ്പ് എന്നിവ ഉൾപ്പെടുന്നില്ല. കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും എന്ന മേഖലക്ക് കീഴിൽ (മൂന്നാം പട്ടിക - C- XVI) മുനിസിപ്പാലിറ്റിക്ക് കൈമാറിയ ഏക ചുമതല കളി സ്ഥലങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കുക എന്നത് മാത്രമാണ്.

LOCAL FUND AUDIT DEPARTMENT

ആയതിനാൽ മുനിസിപ്പൽ ആക്റ്റ് പ്രകാരം ഈ പ്രൊജക്ട് ഏറ്റെടുക്കാൻ മുനിസിപ്പാലിറ്റിക്ക് അധികാരമില്ലാത്തതാണ്.

2) 2010-11 ലെ പ്രൊജക്ട് പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ നിലമ്പൂർ ജി.എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ ആണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ വകയിരുത്തിയ തുക മുഴുവൻ നിലമ്പൂർ പാട്ടുൽസവം ടൂറിസം ഫെസ്റ്റിവൽ കമ്മിറ്റി കൺവീനർക്ക് കൈമാറുകയാണ് ചെയ്യുന്നത്. പ്രൊജക്ട് പ്രൊഫോർമ ഖണ്ഡിക എഫ് - 28 ൽ ഈ പ്രൊജക്ടിന്റെ സംഘാടനത്തിനോ നിർവഹണത്തിനോ പ്രത്യേക സമിതി രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടില്ല. ഇത്തരത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകളും നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല.

3) 2011-12 ലെ പ്രൊജക്ട് പ്രകാരം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്ക റി സ്കൂൾ പ്രിൻസിപ്പൽ ആണ് നിർവഹണ ഉദ്യോഗസ്ഥൻ. പ്രൊജക്ടുമായി ബന്ധപ്പെട്ട ചെലവുകൾ സെക്രട്ടറി നേരിട്ട് നടത്തിയതായാണ് കാണുന്നത്. പ്രൊജക്ടിൽ നിർദ്ദേശിച്ച നിർവഹണ ഉദ്യോഗസ്ഥനെ ഏൽപ്പിക്കാതെ പദ്ധതി നിർവഹണം നടത്തിയതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല.

4) പ്രൊജക്ടിന്റെ സംഘാടനവും പ്രവർത്തനവും എന്തെല്ലാമായിരിക്കണമെന്നത് സംബന്ധിച്ച വിശദ വിവരങ്ങൾ പ്രൊജക്ട് ഖണ്ഡിക ഡി - 25 ൽ രേഖപ്പെടുത്തിയിട്ടില്ല. ഫ ിന്റെ വിനിയോഗം സംബന്ധിച്ച വിശദ വിവരങ്ങളും, വരവ് ചെലവ് കണക്കുകളും 2010-11 ലെ നിർവഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2010-11 ൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത് എന്ന് വ്യക്തമല്ല. 2011-12 ൽ ഉൽസവ പരിപാടികൾക്കാവശ്യമായ വേദിയും സദസ്സും ഒരുക്കുന്നതിനാണ് തുക മുഴുവൻ വിനിയോഗിച്ചത്.

നഗരസഭയുടെ അധികാര പരിധിക്ക് പുറത്തുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന് സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കേ താണ്. പദ്ധതിയുടെ ഭാഗമായി നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ പ്രൊജക്ട് റിപ്പോർട്ടിൽ തന്നെ ഉൾപ്പെടുത്തേ താണ്.

LOCAL FUND AUDIT DEPARTMENT

**3(24) ഇ.എം.എസ്. ഭവന നിർമ്മാണം (റ്റി.എസ്.പി) പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ**

പട്ടിക വർഗ്ഗ വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിൽ വരുത്തിയ ഇ.എം.എസ്. ഭവന പദ്ധതി (റ്റി.എസ്.പി.) പ്രൊജക്ടിന്റെ അംഗീകൃത പ്രൊജക്ട് രേഖ പ്രകാരം (നമ്പർ എസ്.ഒ. 250/12) പ്രൊജക്ടിന്റെ അടങ്കൽ 5 ലക്ഷം രൂപയും ആകെ ഗുണഭോക്താക്കൾ 5 പേരുമാണ്. ബിൽ നമ്പർ 1/20-3-2012 പ്രകാരം ഈ തുക മുഴുവൻ പിൻവലിച്ചിട്ടു ്. പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) 5 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയതെങ്കിലും 8 ഗുണഭോക്താക്കൾക്ക് 50,000 രൂപ ധനസഹായം നൽകിയതിന്റെ കൈപ്പറ്റ് ഡി.ഡി. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടു ്.

2) ആകെ പിൻവലിച്ച 5 ലക്ഷം രൂപയിൽ 8 ഗുണഭോക്താക്കൾക്ക് നൽകിയ 4 ലക്ഷം രൂപ കഴിച്ച് ഒരു ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച് ഒരു രേഖയും (ഓഡിറ്റ് അന്വേഷണം നമ്പർ 33/24-2-12 നൽകി ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല.) ഒരു ലക്ഷം രൂപയുടെ വിനിയോഗ രേഖ ഹാജരാക്കുകയോ തുക തിരിച്ചടവാക്കുകയോ ചെയ്യേ താണ്.

3) ഒന്നാം ഗഡു ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പ് വരുത്തേ താണ്.

## 3(25) എസ്.റ്റി. ഭവന റിപ്പയർ പദ്ധതി - ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ധനസഹായം നൽകി

2011-12 ൽ പട്ടിക വർഗ്ഗ വികസന ഓഫീസർ നിർവഹണം നടത്തിയ പട്ടിക വർഗ്ഗ ഭവന റിപ്പയർ (എസ്.ഒ. 251/12) പ്രൊജക്ടിന്റെ ഭാഗമായി ഭവന റിപ്പയറിംഗിന് ധനസഹായം കൈപ്പറ്റിയ 20 ഗുണഭോക്താക്കളിൽ താഴെ പറയുന്ന മൂന്ന് ആളുകളുടെ പേര് നഗരസഭ നിർവഹണ ഉദ്യോഗസ്ഥന് നൽകിയ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല.

| പേര് | കൈപ്പറ്റിയ തുക | ഡി.ഡി. നമ്പർ തീയതി |
|---|---|---|
| 1. കുട്ടിക്കൃഷ്ണൻ. പാടിക്കുന്ന് കോളനി | 15000 | 001472/29-3-12 |
| 2. പ്രഭാകരൻ. പാടിക്കുന്ന് കോളനി | 15000 | 001473/29-3-12 |
| 3. ശാന്തകുമാരി പാടിക്കുന്ന് കോളനി | 10530 | 001474/27-3-12 |

അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയ ധനസഹായം 40530 രൂപ തിരിച്ചടവാക്കേ താണ്.

## 3(26) അങ്കണവാടി കെട്ടിട നിർമ്മാണം - സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ചത് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

പ്രൊജക്ട് നമ്പർ - എസ്. 215/11 - മയ്യന്താനി അങ്കണവാടി കെട്ടിട നിർമ്മാണം

| | | | |
|---|---|---|---|
| അടങ്കൽ | - | 1,00,000 (തനത് ഫ ്) | |
| | | 3,00,000 (മെയിന്റനൻസ് ഗ്രാന്റ്) | |
| | | 4,00,000 | |
| ബിൽ നമ്പർ | - | 14/10-11/31-3-11 | 1,00,000 (എം.ജി.) |
| ബിൽ നമ്പർ | - | 12/11-12/04-2-12 | 2,00,000 ( ,, ) |
| നിർവഹണം | - | മുനിസിപ്പൽ എഞ്ചിനീയർ | |

LOCAL FUND AUDIT DEPARTMENT

കൺവീനർ - ഉഷാകുമാരി.കെ

മേൽ വിവരിച്ച പദ്ധതി പ്രകാരം, പുതിയ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണത്തിനായാണ്, സംരക്ഷണ ഗ്രാന്റ് 3 ലക്ഷം രൂപ വിനിയോഗിച്ചിട്ടുള്ളത്. ജി.ഒ.(എം.എസ്) 330/04/ത.സ്വ.ഭ.വ. തീയതി 9-12-04 - സംരക്ഷണ ഗ്രാന്റ് വിനിയോഗ മാർഗ്ഗ രേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കൈമാറിക്കിട്ടിയവ ഉൾപ്പെടെയുള്ള ആസ്തികളുടെ സംരക്ഷണത്തിനാണ്, സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കേ ത്. സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച് ചെയ്യാവുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് ടി ഉത്തരവിലും, ജി.ഒ.(എം.എസ്) 300/10/തസ്വഭവ./10-12-10 - പുതുക്കിയ മാർഗ്ഗ രേഖയിലും വ്യക്തമാക്കിയിട്ടു ്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി, പുതിയ ആസ്തി സൃഷ്ടിക്കുന്നതിന് സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ചതിന് സാധൂകരണം തേടേ താണ്. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**<u>3(27) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി - ഫ ിന്റെ അപര്യാപ്തത മൂലം പദ്ധതി മുടങ്ങിക്കിടക്കുന്നു.</u>**

എ) പദ്ധതിക്കായി ഗ്രാമസഭകൾ വഴി ഗുണഭോക്താക്കളെ ക ത്തിയിട്ടുള്ളത് താഴെ പറയും പ്രകാരമാണ്.

| ഇനം | ജനറൽ | എസ്.സി. | എസ്.റ്റി | ആകെ |
|---|---|---|---|---|
| 1. ഭവന രഹിതർ | 145 | 10 | 9 | 164 |
| 2. ഭൂരഹിത ഭവന രഹിതർ | 180 | 6 | 2 | 188 |
| | | | | 352 |

എന്നാൽ ക്രമ പ്രകാരം അപേക്ഷ സമർപ്പിച്ച് പഞ്ചായത്ത്/മുനിസിപ്പാലിറ്റി - യുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത് 91 പേരാണ്. ഇവർക്കായാണ് പ്രൊജക്ട് നമ്പർ 168/10 - ഭവന നിർമ്മാണം (അടങ്കൽ - 1,08,75,000), പ്രൊജക്ട് നമ്പർ 169/10 - സ്ഥലം വാങ്ങൽ (അടങ്കൽ - 20250000) എന്നിവ നടപ്പാക്കിയിട്ടുള്ളത്.

23-4-10 ന് മലപ്പുറം ജില്ലാ സഹകരണ ബാങ്കും നിലമ്പൂർ ഗ്രാമ പഞ്ചായത്തും ഒപ്പു വച്ച കരാർ ഉടമ്പടി പ്രകാരം, പദ്ധതിക്ക് വായ്പയായി 3,28,00,000 രൂപ അനുവദിക്കാമെന്ന് സമ്മതിച്ചു. (ജി.ഒ.(എം.എസ്) നമ്പർ 989/10/എൽ.എസ്.ജി.ഡി./ 23-3-10 പ്രകാരം സർക്കാർ അനുമതിയും ലഭിച്ചു). എന്നാൽ 60,00,000 രൂപ മാത്രമാണ് ഇതുവരെ വായ്പയായി ലഭിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, വി.ഇ.ഒ. എന്നിവരുടെ സംയുക്ത അക്കൗ ിൽ (അക്കൗ ് നമ്പർ സി.എ.2/65 - മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, നിലമ്പൂർ ശാഖ) താഴെ പറയും പ്രകാരം തുക ലഭിക്കുകയും ചെലവഴിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | - 19-6-10 ന് ബാങ്കിൽ | - | 8,47,750 |
| വായ്പ | - 7-7-10 ന് ബാങ്കിൽ | - | 60,00,000 |

LOCAL FUND AUDIT DEPARTMENT

ടി അക്കൗ ിൽ ഇപ്പോൾ ഇടപാടുകളില്ല. 29-9-11 ന് 31,618 രൂപ നീക്കിയിരിപ്പു ്. 11/10 ൽ മുനിസിപ്പാലിറ്റിയായി ഉയർത്തിയതിനു ശേഷം ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിക്കായി പ്രത്യേകം ബാങ്ക് അക്കൗ ് തുടങ്ങിയിട്ടില്ല. (11-12 വർഷത്തിൽ 3,40,000 രൂപ വികസന ഫ ിൽ നിന്നും, നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് പിൻവലിച്ച് നൽകിയിട്ടു ്). 17-1-12 വരെ താഴെ പറയും പ്രകാരം ചെലവ് വന്നിട്ടു ്.

**ആകെ ലഭിച്ച ഫ ്**

68,47,750 +
3,40,000
71,87,750
71,56,132 (ചെലവ്)
31,618 (നീക്കിബാക്കി)

68 വീടുകൾ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. (75,000 × 68) 15 പേർക്ക് സ്ഥലം വാങ്ങുന്നതിനും (37500 × 15) തുക ചെലവഴിച്ചു. ഫ ിന്റെ അപര്യാപ്തത മൂലം എഗ്രിമെന്റ് വച്ചവരിൽ തന്നെ 23 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

**ബി) വായ്പയുടെ പലിശ മുനിസിപ്പാലിറ്റി അടവാക്കിയത് ക്രമവിരുദ്ധം**

23-4-10 ന് ബാങ്കുമായി ഒപ്പു വച്ച കരാർ ഉടമ്പടിയിലെ വ്യവസ്ഥ (ക്രമ നമ്പർ 3) പ്രകാരം പലിശ സർക്കാരാണ് അടവാക്കുന്നത് എന്ന് ഇരു കൂട്ടരും സമ്മതിച്ചിട്ടു ്. എന്നാൽ ആദ്യ തിരിച്ചടവ് ഗഡുവിനോട് കൂടി (14-3-11 ന്) 4,48,776 രൂപ പലിശ, മുനിസിപ്പാലിറ്റി അടവാക്കിയതായി കാണുന്നു. (31-3-11 വരെയുള്ള പലിശ). 28-4-11 ലെ നമ്പർ പി1/10584/10 കത്ത് പ്രകാരം 4,48,776 രൂപ മുതലിലേക്ക് അഡ്ജസ്റ്റ് ചെയ്യണമെന്ന് നഗരസഭ സെക്രട്ടറി ബാങ്കിനോട് ആവശ്യപ്പെട്ടെങ്കിലും, സർക്കാരിൽ നിന്നും പലിശയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ലെന്നും ലഭിക്കുന്ന മുറയ്ക്ക് അഡ്ജസ്റ്റ് ചെയ്യാമെന്നും 28-4-11 ന് ബാങ്ക് മറുപടി നൽകി. എന്നാൽ 31-3-12 വരെ സർക്കാരിൽ നിന്നും പലിശയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ലെന്ന് ബാങ്കിൽ നിന്നുള്ള കത്തുകൾ വ്യക്തമാക്കുന്നു.

ജി.ഒ.(എം.എസ്) 207/09/എൽ.എസ്.ജി.ഡി/7-11-09 - ഇ.എം.എസ് ഭവന പദ്ധതി മാർഗ്ഗരേഖ പ്രകാരം, ബാങ്ക് വായ്പയുടെ പലിശ സർക്കാർ വഹിക്കുമെന്ന് വ്യക്തമാക്കിയിട്ടു ്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ മറികടന്ന്, മുനിസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപകരിക്കേ 4,48,776 രൂപ, പലിശയിനത്തിൽ ബാങ്കിൽ നൽകിയത് ക്രമവിരുദ്ധമാണ്. (നാളിതുവരെ ഈ തുക പലിശ രഹിത അക്കൗ ിൽ മുടങ്ങി കിടക്കുന്നു.) ടി തുക മുതലിലേക്ക് ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേ താണ്.

LOCAL FUND AUDIT DEPARTMENT

**3(28) വളം വിതരണം ചെയ്യുന്നതിന് മാത്രമായി പദ്ധതികൾ രൂപീകരിച്ചു - സബ്സിഡി മാർഗ്ഗ രേഖയ്ക്കു വിരുദ്ധം**

ജി.ഒ.(എം.എസ്) 183/07/തസ്വഭവ/24-7-07 സബ്സിഡി മാർഗ്ഗരേഖ പ്രകാരം, രാസവളം, ജൈവ വളം എന്നിവ ഉൾപ്പെടെയുള്ള വളങ്ങൾ വിതരണം ചെയ്യുന്നതിനു മാത്രമായി പദ്ധതികൾ രൂപീകരിക്കരുതെന്നും, ഒരു സംയോജിത ഉൽപാദന വർദ്ധന പ്രൊജക്ടിന്റെ ഘടകമായി മാത്രമേ നൽകാവൂ എന്നും വ്യക്തമാക്കിയിട്ടു ്. എന്നാൽ 2010-11, 11-12 വർഷങ്ങളിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ, വളം വിതരണം മാത്രമേ നടന്നിട്ടുള്ളു. വിശദ വിവരം താഴെ ചേർക്കുന്നു.

| **പ്രൊജക്ടിന്റെ പേര്** | **വിനിയോഗിച്ച തുക** | **റിമാർക്സ്** |
|---|---|---|
| 1. എസ്.ഒ. 210/11 - സമഗ്ര തെങ്ങു കൃഷി വികസനം | 45000<br>ബിൽ നമ്പർ 2/10-11/30-3-11 | വളം വിതരണം ചെയ്ത നിലമ്പൂർ സ്വാശ്രയ കർഷക സംഘത്തിന് തുക കൈമാറി |
| 2. എസ്.ഒ. 211/11 - സമഗ്ര നെൽകൃഷി വികസനം | 1,00,000<br>ബിൽ നമ്പർ 1/10-11/30-3-11 | -ടി- |
| 3. 31/12 - സമഗ്ര തെങ്ങു കൃഷി വികസനം | 50,000<br>ബിൽ നമ്പർ 4/11-12/21-3-12 | -ടി- |

സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവു ചെയ്ത 1,95,000 രൂപയ്ക്ക് സാധൂകരണം ലഭ്യമാക്കേ താണ്. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**3(29) രജിസ്റ്റർ ചെയ്യാത്ത സംഘത്തിന് കാർഷിക യന്ത്രം അനുവദിച്ചു - സർക്കാർ മാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധം**

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | - | എസ്.ഒ. 270/12 |
| ബിൽ നമ്പർ | - | 5/11-12/21-3-12 - 35000 |
| അടങ്കൽ | - | 35000 (13-ാം ധനകാര്യ കമ്മീഷൻ)<br>35000 (രാഷ്ട്രീയ കൃഷി വികാസ് യോജന - കേന്ദ്രഫ ്) |
| നിർവ്വഹണം | - | കൃഷി ഓഫീസർ |

നാല് വനിതാ അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതസേന എന്ന തൊഴിൽ സന്നദ്ധ സംഘടനയ്ക്ക് ഗാർഡൻ ടില്ലർ (വില - 50,000 = 25000 + 25000), കാട് വെട്ട് യന്ത്രം (വില - 20,000 = 10,000 + 10,000) എന്നിവ നിലമ്പൂർ റെയ്ഡ്കോയിൽ നിന്നും വാങ്ങി നൽകുകയാണ് ചെയ്തത്. (കേന്ദ്ര വിഹിതം നേരിട്ട് റെയ്ഡ്കോയ്ക്ക് നൽകി).

ജി.ഒ.(എം.എസ്) 183/07/തസ്വഭവ/24-7-07 സബ്സിഡി മാർഗ്ഗ രേഖ പ്രകാരം കർഷക സഹകരണ സംഘങ്ങൾക്കും, രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾക്കും

LOCAL FUND AUDIT DEPARTMENT

മാത്രമേ ടില്ലർ മുതലായ കാർഷിക യന്ത്രങ്ങൾ നൽകാവൂ. ഹരിതസേന എന്നത് ഇതുവരെ രജിസ്ടർ ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു സംഘമാണ്. ഞാറു നടീൽ, കള പറിക്കൽ എന്നിവ തൊഴിലായി സ്വീകരിച്ചിട്ടുള്ളവരുടെ കൂട്ടായ്മ മാത്രമാണ്. കർഷക സഹകരണ സംഘമോ പാടശേഖര സമിതിയോ അല്ല.

29-3-12 ന് യന്ത്രങ്ങളുടെ വില മുഴുവനായി റെയ്ഡ്കോയ്ക്ക് നൽകിയിട്ടു ങ്കിലും യന്ത്രങ്ങൾ സംഘം കൈപ്പറ്റുന്നത് 7-7-12 ന് മാത്രമാണ് (7-7-12 ന് കരാർ ഉടമ്പടി പ്രകാരം). യന്ത്രങ്ങൾ ക ു പരിചയം പോലും ഇല്ലാത്തതിനാലാണ് കൈപ്പറ്റാൻ വൈകിയത് എന്ന് സംഘാംഗങ്ങൾ ഓഡിറ്റിനോട് പറഞ്ഞു. ഗാർഡൻ ടില്ലർ പ്രവർത്തിപ്പിക്കുന്നത് വളരെ ആയാസകരമായതിനാൽ, സ്ത്രീകൾ മാത്രമടങ്ങുന്ന ഈ സംഘം ഇത് നാളിതുവരെ ഉപയോഗിച്ചിട്ടില്ല. കാട്വെട്ട് യന്ത്രം മാത്രമാണ് ഉപയോഗിക്കുന്നത്. ഗാർഡൻ ടില്ലർ സംഘത്തിലെ ഒരു അംഗത്തിന്റെ വീട്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വ്യക്തമായ ലക്ഷ്യബോധമോ ആസൂത്രണമോ ഇല്ലാതെ, ഒരു സംഘത്തെ ഏകപക്ഷീയമായി തെരഞ്ഞെടുത്ത് യന്ത്രങ്ങൾ വാങ്ങി നൽകുക വഴി, 25,000 രൂപ (ടില്ലറിന്റ വില - 50%) പാഴ്ച്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു.

## <u>3(30) ആശ്രയ പദ്ധതി - പുനപ്പരിശോധനയ്ക്ക് ശേഷമുള്ള പ്രവർത്തന പുരോഗതി</u>

പുനപ്പരിശോധനയ്ക്ക് ശേഷമുള്ള ആശ്രയ കുടുംബങ്ങളുടെ എണ്ണം 79 ആയി നിജപ്പെടുത്തി. പ്രൊജക്ടിന് താഴെ പറയും പ്രകാരം അടങ്കൽ നിശ്ചയിച്ചു.

| | | |
|---|---|---|
| ഭക്ഷണം | - | 2,58,450 |
| ചികിൽസ | - | 1,03,000 |
| വിദ്യാഭ്യാസം | - | 1,09,000 |
| വീട് | - | 37,58,000 |
| സ്ഥലം | - | 97,500 |
| കക്കൂസ് | - | 1,08,000 |
| വൈദ്യുതി | - | 63,000 |
| സൂക്ഷ്മ സംരംഭങ്ങൾ | - | <u>307500</u> |
| | | 48,04,450 |

**<u>ലഭിച്ച ഫ ിന്റെ വിവരം</u>**

ചലഞ്ച് ഫ ് - 4,70,450 028435/18-8-10

മറ്റ് ഫ ുകളൊന്നും ലഭിച്ചിട്ടില്ല. (ഒന്നാം ഘട്ടം അവസാനിച്ചപ്പോൾ 19,04,125 രൂപ അക്കൗ ിൽ നീക്കിയിരിപ്പു ായിരുന്നു)

**<u>ചെലവു വിവരം</u>**

പുനപ്പരിശോധനക്കു ശേഷം, 12-9-12 വരെ താഴെ പറയും പ്രകാരം ചെലവുകൾ ഉ ായിട്ടു ്.

LOCAL FUND AUDIT DEPARTMENT

| | |
|---|---|
| വീട് | 6,22,000 |
| വിദ്യാഭ്യാസം | 1,09,000 |
| കക്കൂസ് | 14,000 |
| വൈദ്യുതീകരണം | 6,000 |
| | 7,51,000 |

പ്രൊജക്ടിന്റെ ഒന്നാം ഘട്ടത്തിൽ അതിജീവനാവശ്യങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല എന്ന് ഓഡിറ്റ് ചൂ ിക്കാണിച്ചിരുന്നു. (എൽ.എഫ്/എം21/68/12 തീയതി 21-2-12/31-5-12, ഖണ്ഡിക 3-12)

എന്നാൽ ര ാം ഘട്ടത്തിലും ഈ പ്രവണത തുടരുകയാണെന്നു കാണുന്നു. വിദ്യാഭാസത്തിൽ മാത്രമാണ് ചെലവുള്ളത്. ഭക്ഷണം, ചികിൽസ, സൂക്ഷ്മ സംരംഭങ്ങൾ എന്നിവയിലൊന്നും ചെലവ് ചെയ്തിട്ടില്ല. 12-9-12 ന് ബാങ്ക് അക്കൗ ിൽ (അക്കൗ ് നമ്പർ 075410213585 - കനറാ ബാങ്ക്) 32,11,720 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ആവശ്യത്തിന് നീക്കിയിരിപ്പുള്ളപ്പോഴും അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടാത്തത് നിർവഹണത്തിലെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

LOCAL FUND AUDIT DEPARTMENT

## 3(31) ലക്ഷ്യം നേടാതെ സ്വയം തൊഴിൽ സംരംഭങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫ ് ഉപയോഗിച്ച് നടപ്പാക്കുന്ന സാമ്പത്തിക വികസന പരിപാടികൾ പ്രകാരമുള്ള സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നത് എസ്.ജെ.എസ്.ആർ.വൈ./എസ്.ജി.ആർ.വൈ. നിരക്കുകളും മാനദണ്ഡങ്ങളും അടിസ്ഥാനത്തിലാവണമെന്ന് ജി.ഒ.(എം.എസ്) നമ്പർ 183/2007/എൽ.എസ്.ജി.ഡി. തീയതി 24-7-07 നമ്പർ ഉത്തരവിൽ ഗവൺമെന്റ് വ്യക്തമാക്കിയിട്ടു ്.

എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡ പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തയ്യാറായവരെ ക ത്തി ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഗ്രൂപ്പിലെ അംഗങ്ങൾക്ക് ചെയ്യാൻ സാധിക്കുന്ന തൊഴിൽ ക ത്തി ആവശ്യമായ പരിശിലനം നൽകുകയും ചെയ്ത ശേഷമാണ് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കേ ത്.

പ്രൊജക്ട് ചെലവിന്റെ 35% 3,00,000/- എന്ന പരമാവധി തുകയ്ക്ക് വിധേയമായി മാത്രമേ സബ്സിഡി നൽകാവൂ. സബ്സിഡി ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിൽ നൽകുന്നതിനാണ് എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നത്. ഗുണഭോക്തൃ മുതൽമുടക്ക് പ്രോൽസാഹിപ്പിക്കുക എന്നതാണ് സഹായ ലക്ഷ്യം.

നഗരസഭയിൽ 2010-11, 2011-12 വർഷങ്ങളിലായി നടപ്പാക്കിയ വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾ മേൽ സർക്കാർ ഉത്തരവ് പ്രകാരം എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡങ്ങൾ പാലിച്ചല്ല നടപ്പാക്കിയത്.

ഗുണഭോക്തൃ ഗ്രൂപ്പുകൾ രൂപീകരിക്കാതെയും, സംരംഭകർക്ക് ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച് ഗ്രൂപ്പുകളുമായി ചർച്ച നടത്താതെയും വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഉപകരണങ്ങൾ മുൻകൂട്ടി വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. സബ്സിഡി സംബന്ധിച്ച എസ്.ജെ.എസ്.ആർ.വൈ. പരിധി പാലിക്കാതെ മുഴുവൻ തുകയും നഗരസഭ നേരിട്ട് ചെലവഴിക്കുകയാണ് ചെയ്തത്.

തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ഗ്രൂപ്പുകൾ രൂപീകരിക്കാതെയും പരിശീലനം നൽകാതെയും, ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, സ്വയം തൊഴിൽ സംരംഭം പ്രവർത്തിക്കുന്നതിനും ആവശ്യമായ കെട്ടിട സൗകര്യങ്ങൾ ഒരുക്കാതെയും ഉപകരണങ്ങൾ വാങ്ങിയത് മൂലം വൻ തുക ചെലവ് ചെയ്ത് വാങ്ങിയ ഉപകരണങ്ങൾ നാളിതുവരെ ഉപയോഗിക്കാൻ സാധിച്ചിട്ടില്ല.

2010-11, 11-12 വർഷങ്ങളിലായി താഴെ പറയുന്ന വിവിധ പദ്ധതികൾക്ക് 14,72,150/- രൂപ നാളിതുവരെ ഉപകാരപ്പെടാതെ പാഴ്ചെലവായി. വിശദ വിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവ് | കുറിപ്പ് |
|---|---|---|---|
| 1 | എസ്.സി. വനിത സ്വയം തൊഴിൽ യൂണിറ്റ് - ചപ്പാത്തി പത്തിരി നിർമ്മാണ മെഷീൻ (0055/12) | 7,75,000 | 1) 11-12 ൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ എസ്.ജെ.എസ്.ആർ.വൈ പ്രകാരമുള്ള ഗുണഭോക്തൃ മുതൽമുടക്ക് ഇല്ല.<br>2) ഉപകരണങ്ങൾ നാളിതുവരെ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്തതുമൂലം വാറ ി ആനുകൂല്യം നഷ്ടപ്പെടുന്നു.<br>3) പദ്ധതി നടത്തിപ്പിന് ഗുണഭോക്തൃ ഗ്രൂപ്പിനെ നാളിതുവരെ തെരഞ്ഞെടുത്തിട്ടില്ല<br>4) ഉപകരണങ്ങൾ നഗരസഭ വനിത സ്വയം തൊഴിൽ യൂണിറ്റ് കെട്ടിടത്തിന്റെ ഒരു ഭാഗത്ത് ഉപയോഗയോഗ്യമല്ലാതെ കിടക്കുന്നതിനായി പരിശോധനയിൽ കാണപ്പെട്ടു. |
| 2 | വനിതാ സ്വയം തൊഴിൽ സംരംഭം ലോൺഡ്രി (0054/12) | 4,50,000 | 1) 5,25,000 രൂപ ആകെ അടങ്കലുള്ള ഈ പദ്ധതിയിൽ 25,000/- രൂപ മാത്രമാണ് ഗുണഭോക്തൃ വിഹിതം വകയിരുത്തിയത്. എസ്.ജെ.എസ്.ആർ.വൈ. മാനദണ്ഡത്തിന് |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| | | | വിരുദ്ധമാണ്.<br>2) പദ്ധതി പ്രകാരം വാങ്ങിയ 2 വാഷിംഗ് മെഷീൻ, 2 അയൺ ബോക്സ് എന്നിവ നഗരസഭയുടെ സ്റ്റോക്കിൽ രേഖപ്പെടു ത്തിയിട്ടില്ല. ഉപകരണങ്ങൾ നാളിതുവരെ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഇതു മൂലം വാറ 1 നഷ്ടപ്പെടുന്നു.<br>3) വാങ്ങിയ 2 വാഷിങ് മെഷീൻ ഗവൺമെന്റ് താലൂക്ക് ആശുപത്രി ഒ.പി. കെട്ടിടത്തിൽ ഉപയോഗിക്കാതെ കിടക്കുന്നു. അയൺ ബോക്സുകൾ പരിശോധനയിൽ ക ത്താനായില്ല.<br>4) ഗുണഭോക്തൃ ഗ്രൂപ്പിനെ നാളിതുവരെ തെരഞ്ഞെടുത്തിട്ടില്ല. |
| 3 | ഒപ്പത്തിനൊപ്പം വനിത സ്വയം തൊഴിൽ സംരംഭം (227/11) | 99900/-<br>(41/10-11) | 1) ഈ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്താതെ മുഴുവൻ തുകയും നഗരസഭ ചെലവഴിക്കുന്നതിനാണ് വിഭാവനം ചെയ്തത്.<br>2) ഗുണഭോക്തൃ ഗ്രൂപ്പിനെ നാളിതുവരെ തെരഞ്ഞെടുത്തിട്ടില്ല.<br>3) പദ്ധതി നടപ്പാക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങാതെ ഫർണിച്ചർ മാത്രം വാങ്ങി.<br>4) വാങ്ങിയ ഫർണിച്ചർ നഗരസഭ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.<br>5) പ്രാദേശിക പരിശോധനയിൽ ഫർണിച്ചർ ക ത്തിയില്ല. |
| 4 | സ്ത്രീധന രഹിത ഗ്രാമം വനിത സ്വയം തൊഴിൽ സംരംഭം വിപുലീകരണം (225/11) | 99750<br>(40/10-11) | 1) ഈ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്താതെ മുഴുവൻ തുകയും നഗരസഭ ചെലവഴിക്കുന്നതിനാണ് വിഭാവനം ചെയ്തത്.<br>2) ഗുണഭോക്തൃ ഗ്രൂപ്പിനെ നാളിതുവരെ തെരഞ്ഞെടുത്തിട്ടില്ല.<br>3) പദ്ധതി നടപ്പാക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങാതെ ഫർണിച്ചർ മാത്രം വാങ്ങി.<br>4) വാങ്ങിയ ഫർണിച്ചർ നഗരസഭ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.<br>5) ഫർണിച്ചർ നഗരസഭ സ്വയം തൊഴിൽ യൂണിറ്റിന്റെ കെട്ടിടത്തിൽ സൂക്ഷിച്ചതായി കാണപ്പെട്ടു. |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 5 | സ്ത്രീധന രഹിത ഗ്രാമം തുടർ പ്രവർത്തനം (81/2012) | 47,500 | 1) പദ്ധതി പ്രകാരം വാങ്ങിയ 5 തയ്യൽ മെഷീനുകൾ മുമ്മുള്ളി ടൈലറിംഗ് യൂണിറ്റ് എന്ന സ്ഥാപനത്തിന് നൽകിയിട്ടു ്. എന്നാൽ സ്ഥാപനവുമായി കരാറുടമ്പടി ചമച്ചിട്ടില്ല.<br>2) പ്രാദേശിക പരിശോധനയിൽ സ്ഥാപനം പ്രവർത്തിക്കാതെ അടഞ്ഞ് കിടക്കുന്നു. |

സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതും സഹായം നൽകുന്നതും സംബന്ധിച്ച സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവ് ചെയ്ത അധിക തുകയുടെ ചെലവിന് ഗവൺമെന്റ് സാധൂകരണം ലഭ്യമാക്കേ താണ്.

പദ്ധതികൾ സർക്കാർ ഉത്തരവിനനുസരിച്ച് നടപ്പാക്കുന്നതിനും പ്രൊജക്ട് ലക്ഷ്യം നേടുന്നതിനും സത്വര നടപടികൾ സ്വീകരിക്കേ താണ്.

**<u>3(32) മുനിസിപ്പൽ പെൻഷൻ ഫ ്</u>.**

1-11-2010 ന് രൂപീകൃതമായ നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ നിന്നും ഇതുവരെ ആരും സർവീസ് പെൻഷൻ കൈപ്പറ്റുന്നില്ല. അതിനാൽ മുനിസിപ്പാലിറ്റി മുനിസിപ്പൽ പെൻഷൻ ഫ ് ഇതുവരെ ആരംഭിച്ചിട്ടില്ല. 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് - കം - റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ ചട്ടം 7(2) നിർദ്ദേശിക്കുന്നത് പ്രകാരം പെൻഷൻ വിഹിതം മുനിസിപ്പാലിറ്റി സെൻട്രൽ പെൻഷൻ ഫ ിൽ അടക്കുന്നു ്. എന്നാൽ ചട്ടം 8 ൽ നിർദ്ദേശിക്കുന്നത് പ്രകാരം പെൻഷൻ വിഹിതം ശമ്പള ബില്ലിനോടൊപ്പം പിൻവലിക്കുന്നില്ല. മറ്റൊരു ക ിജന്റ് ബില്ലിൽ പെൻഷൻ വിഹിതം പ്രത്യേകമായി പിൻവലിച്ച് പെൻഷൻ ഫ ിൽ അടക്കുകയാണ് ചെയ്യുന്നത്.

**<u>3(33) നഗരസഭയിലെ വാഹന ഉപയോഗം - അപാകതകൾ</u>**

നഗരസഭയുടെ വാഹന ഉപയോഗം കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ചട്ടങ്ങൾക്കും (2000) വാഹന ഉപയോഗ മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) നമ്പർ 170/2007/ത.സ്വ.ഭ.വ. തീയതി 30-6-2007 നും വിധേയമായിരിക്കേ താണ്.

മേൽ ഉത്തരവിലെ ഖണ്ഡിക (3) പ്രകാരം വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർ, സെക്രട്ടറി ലോഗ്ബുക്ക് ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേ താണ്. മുനിസിപ്പാലിറ്റിയിലെ വാഹനങ്ങളുടെ റിപ്പയർ ബുക്ക്, ലോഗ് ബുക്ക് എന്നിവ മാത്രമേ സൂക്ഷിക്കുന്നുള്ളു. ലോഗ് ബുക്കിൽ യാത്ര ചെയ്തത് സംബന്ധിച്ച വിവരങ്ങളും ഇന്ധനം നിറക്കുന്നത് സംബന്ധിച്ച അടിസ്ഥാന വിവരങ്ങളും രേഖപ്പെടുത്തുന്നു ങ്കിലും മാർഗ്ഗ രേഖയിലെ ഖണ്ഡിക 8 ൽ പരാമർശിക്കുന്ന പ്രകാരം യാത്ര ചെയ്ത ആളുടെ

LOCAL FUND AUDIT DEPARTMENT

സാക്ഷ്യപ്പെടുത്തേലോ 9 - ൽ പറയുന്ന പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോ ഇല്ല. ഓഡിറ്റ് വേളയിൽ നിലമ്പൂർ നഗരഭയുടെ ഉടമസ്ഥതയിൽ 3 വാഹനങ്ങൾ ആണ് ഉള്ളത്. നഗരസഭാ ചെയർമാന്റെ വാഹനം, ഒരു ജീപ്പ്, മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള വാഹനം എന്നിവ. വാഹന ഉപയോഗ മാർഗ്ഗ രേഖയിലെ ഖണ്ഡിക - 14 ൽ വാഹനങ്ങൾ സ്ഥാപനത്തിന്റെ സ്വന്തം ഗ്യാരേജിൽ സൂക്ഷിക്കേ താണെന്ന് നിർദ്ദേശിക്കുന്നു ങ്കിലും മുനിസിപ്പാലിറ്റിക്ക് വാഹനം സൂക്ഷിക്കാൻ സൗകര്യപ്രദമായ ഗാരേജ് ഇല്ല.

## <u>നഗരസഭാ വാഹനത്തിന്റെ ഇന്ധന ഉപഭോഗം സാക്ഷ്യപ്പെടുത്തിയില്ല.</u>

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളിൽ ഇന്ധനം നിറക്കുന്നതിന് നഗരസഭ പണം ചെലവഴിക്കുന്നു ങ്കിലും ഇന്ധന ഉപഭോഗം സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിൽ ചട്ടം 8 പ്രകാരം ആറു മാസത്തിലൊരിക്കൽ ക്ഷമത പരിശോധന ചുമതലയുള്ള ഉദ്യോഗസ്ഥൻ ഇന്ധന ഉപഭോഗം സാക്ഷ്യപ്പെടുത്തണം.

മുനിസിപ്പാലിറ്റിയുടെ കെ.എൽ. 10 എൻ 4909 നമ്പർ മാർഷൽ ജീപ്പ് 13 വർഷം പഴക്കമുള്ള വാഹനമാണ്. ഇതിന് തുടർച്ചയായി റിപ്പയർ ചെലവ് വരുന്നതായി റിപ്പയർ രജിസ്റ്ററിൽ കാണുന്നു. 10-5-1976 ലെ ജി.ഒ.(എം.എസ്) 110/76/പി.ഡബ്ല്യു. ഉത്തരവിലെ നിബന്ധനകൾ പ്രകാരം വാഹനം ക ം ചെയ്യേ തു ങ്കിൽ ആയതിനുള്ള നടപടികൾ പൂർത്തിയാക്കേ താണ്.

ഇന്ധന ഉപഭോഗം സാക്ഷ്യപ്പെടുത്താതെ നഗരസഭയുടെ വാഹനം സർവീസ് നടത്തുന്നതിന് വിശദീകരണം നൽകേ താണ്.

## <u>3(34) ദാരിദ്ര്യ ലഘൂകരണ പരിപാടി - ലഘു അവലോകനം</u>

ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി, നഗര ദാരിദ്ര്യ ലഘൂകരണ വിഭാഗം (യു.പി.എ.) മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്നു ്. കുടുംബശ്രീ മെമ്പർ സെക്രട്ടറിയാണ് പ്രൊജക്ട് ഓഫീസർ.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 284 -ാം ആക്ട് പ്രകാരം, ഓരോ മുനിസിപ്പാലിറ്റിയും അതിന്റെ വാർഷിക ബജറ്റിൽ, മുനിസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനായി, മുനിസിപ്പാലിറ്റിയുടെ റവന്യൂ വരുമാനത്തിന്റെ 2% ദാരിദ്ര്യ ലഘൂകരണ ഫ ് എന്ന പേരിൽ ഒരു പ്രത്യേക ഫ ് രൂപീകരിക്കുന്നതിനായി നൽകേ തും അത് അതതു സമയം സർക്കാർ നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കേ തുമാണ് എന്ന് നിഷ്കർഷിക്കുന്നു ്. എന്നാൽ മുനിസിപ്പാലിറ്റിയിൽ വാർഷിക ബജറ്റിൽ ഇതിനായി തുക മാറ്റി വെക്കുകയോ, പ്രത്യേക ഫ ് രൂപീകരിക്കുകയോ ചെയ്യുന്നില്ല.

LOCAL FUND AUDIT DEPARTMENT

കുടുംബശ്രീ നടപ്പിലാക്കുന്ന തൊഴിൽ സംരംഭങ്ങൾ ഏകോപിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്.

10-11, 11-12 വർഷത്തിൽ ഇത്തരത്തിൽ ഒരു പ്രൊജക്ട് (നേച്ചർ ഫ്രഷ്) മാത്രമാണ് യു.പി.എ. പ്രൊജക്ട് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ളത്. ആയതിനെക്കുറിച്ചുള്ള വിവരണം താഴെ ചേർക്കുന്നു.

**നേച്ചർ ഫ്രഷ് - മിൽക്ക് പ്രൊജക്ട്**

പ്രൊജക്ട് നമ്പർ - എസ്. 0018/12

| | | |
|---|---|---|
| അടങ്കൽ | - | 570188 (13 -ാം ധനകാര്യ കമ്മീഷൻ) |
| | | 2229500 (കുടുംബശ്രീ ചലഞ്ച് ഫ ്) |
| | | 117900 (സംസ്ഥാന വിഹിതം) |
| | | 65312 (തനത് ഫ ്) |
| | | 3185000 (ബാങ്ക് വായ്പ) |
| | | 320000 (ഗുണഭോക്തൃ വിഹിതം നേരിട്ട്) |
| | | 64,87,900 |

നിർവഹണം - യു.പി.എ. പ്രൊജക്ട് ഓഫീസർ

പശു വളർത്തൽ മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടുള്ള ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, പശു വളർത്തൽ ആദായകരമായ തൊഴിലാക്കി മാറ്റുന്നതിനും വിഭാവനം ചെയ്ത് നടപ്പിലാക്കിയ ഈ പ്രൊജക്ടിലൂടെ 50% അധികം പാലുൽപ്പാദനം പ്രതീക്ഷിക്കുന്നു. താഴെ പറയും പ്രകാരം 55 പേർക്ക് തൊഴിലും പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യമാണ്.

| | | |
|---|---|---|
| പശു വളർത്തൽ | - | 50 പേർ (5 അംഗങ്ങളുള്ള 10 ഗ്രൂപ്പ്) |
| പാൽ വിപണനം | - | 5 പേർ (1 ഗ്രൂപ്പ്) |

ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച തൊഴുത്തിൽ വളർത്തുന്ന പശുക്കളിൽ നിന്നും കറന്നെടുക്കുന്ന പാൽ തനിമ ഒട്ടും ചോരാതെ ഉടനെ തന്നെ ജനങ്ങളിൽ എത്തിക്കുന്നതാണ് പദ്ധതി. കറന്നെടുത്ത പാൽ കുപ്പികളിലാക്കി സീൽ ചെയ്ത് വിപണന ഗ്രൂപ്പിന് കൈമാറുന്നു. വിപണനക്കാർ ഉപഭോക്താക്കൾക്ക് നൽകുന്നു. ഒരു കുപ്പി പാൽ വിൽക്കുമ്പോൾ വിപണനക്കാർക്ക് 5 രൂപ കമ്മീഷൻ ലഭിക്കുന്നു. ഇടനിലക്കാരില്ലാത്തതിനാൽ പാൽ ഉൽപാദിപ്പിക്കുന്നവർക്കും പരമാവധി തുക ലഭിക്കുന്നു.

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ നമ്പർ കെ.എസ്/എം/859/11/15-2-11 പ്രകാരം അംഗീകരിച്ചു നൽകിയ പ്രൊജക്ടിന്റെ അടങ്കൽ താഴെ പറയും പ്രകാരമാണ്.

LOCAL FUND AUDIT DEPARTMENT

| | |
|---|---|
| പരിശീലനം | 1,33,700 |
| പശു വളർത്തൽ | 61,00,000 |
| വിപണനം | 3,70,000 |
| | 66,03,700 |

എന്നാൽ ജില്ലാ ആസൂത്രണ മിഷൻ അംഗീകരിച്ച പ്രൊജക്ടിലെ ധനകാര്യ വിശകലനം താഴെ പറയും പ്രകാരമാണ്.

| | | | |
|---|---|---|---|
| മുന്നൊരുക്കം (പരിശീലനം) | - | 1,17,900 | |
| പശു വളർത്തൽ | - | 1,20,000 × 50 = | 60,00,000 |
| വിപണനം | - | 74,000 × 5 = | 3,70,000 |
| | | | 64,87,900 |

<u>പശു വളർത്തൽ ഒരു യൂണിറ്റിന്റെ ചെലവ് (5 പേർ വീതമുള്ള 10 യൂണിറ്റുകൾ)</u>

| | | |
|---|---|---|
| പശു (2) 3000 × 2 | = | 6000 × 10 = 60,000 |
| ഇൻഷുറൻസ് | = | 3960 |
| പാത്രങ്ങൾ | = | 6000 |
| 1 മാസത്തെ പ്രവർത്തന മൂലധനം | = | 5040 |
| തൊഴുത്ത് | = | 40000 |
| മെഡിക്കൽ ഫ ് | = | 5000 |
| | | 1,20,000 × (50) |

<u>വിപണനം - ഒരാൾക്ക് ചെലവ്</u>

| | | |
|---|---|---|
| പിക് - അപ്/ഓട്ടോറിക്ഷ | - | 60,000 |
| ട്രേ | - | 5,000 |
| കുപ്പികൾ, പാത്രങ്ങൾ | - | 5,000 |
| 1 മാസത്തെ പ്രവർത്തന മൂലധനം | - | 4,000 |
| | | 74,000 × (5) |

<u>ഫ ിന്റെ ഉറവിടം (ഒരു യൂണിറ്റിന്)</u>

| പശു വളർത്തൽ | | വിപണനം (ഒരാൾക്ക്) | |
|---|---|---|---|
| 1. കുടുംബശ്രീ | - 42700 | കുടുംബശ്രീ | - 25900 |
| ഗുണഭോക്തൃ വിഹിതം | - 6000 | ഗുണഭോക്തൃ വിഹിതം | - 4000 |
| ബാങ്ക് ലോൺ | - 59300 | ബാങ്ക് ലോൺ | - 37000 |
| നഗരസഭ | - 12,000 | നഗരസഭ | - 7100 |
| | 1,20,000 | | 74,000 |

<u>ലഭ്യമായ ഫ ിന്റെ വിവരം :</u>

| | | |
|---|---|---|
| കുടുംബശ്രീ | - | 22,64,500 (17-3-11 ന് ബാങ്കിൽ വന്നു. എസ്.ബി. 13010 - എസ്.എം.ജി.ബി., നിലമ്പൂർ) |
| നഗരസഭ | - | 5,05,500 (23-2-12 ന് ബാങ്കിൽ) |
| നഗരസഭ | - | 64,688 (18-4-12 ന് ബാങ്കിൽ) |

LOCAL FUND AUDIT DEPARTMENT

<u>1-8-12 വരെയുള്ള ചെലവ്</u>

| | | | | |
|---|---|---|---|---|
| പശു വളർത്തൽ | - | 40 × 1,20,000 | = | 48,00,000 |
| | | 7 × 74000 | = | 5,18,000 |
| | | | | 53,18,000 |

ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതിൽ നിന്നും വിഭിന്നമായി വിപണന ഗ്രൂപ്പ്, 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പ് എന്നതിൽ നിന്നും 7 പേരടങ്ങുന്ന ഗ്രൂപ്പാക്കി മാറ്റിയിട്ടു ്.

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബാങ്ക് വായ്പകൾ മുടക്കം വരാതെ തിരിച്ചടക്കുന്നതായി കാണുന്നു ്. പശു വളർത്തലിൽ 2 ഗ്രൂപ്പുകൾ കൂടി പദ്ധതിയിലേക്ക് വരാനു ്. കുടുംബശ്രീ വിഹിതം പൂർണ്ണമായി ലഭിച്ചിട്ടുള്ളതിനാൽ, നഗരസഭാ വിഹിതം പൂർണ്ണമായി ഉൾപ്പെടുത്തി, പദ്ധതി പൂർത്തിയാക്കാൻ ശ്രദ്ധിക്കേ താണ്. നഗരസഭാ പരിധിയിൽ വർദ്ധിച്ചു വരുന്ന പാൽക്ഷാമം, ഒരു പരിധി വരെ പരിഹരിക്കുന്നതിനും, കന്നുകാലി വളർത്തൽ ആദായകരമായി ചെയ്യാമെന്ന് തെളിയിക്കുന്നതിനും, എല്ലാത്തിനും ഉപരിയായി 47 പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും പദ്ധതി പ്രയോജനപ്പെട്ടിട്ടു ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>**3(35) തൊഴിലുറപ്പ് പദ്ധതി**</u>

30-10-10 ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എൻ.ആർ.ഇ.ജി.എസ്) അവസാനിച്ചു. 1-11-10 മുതൽ ഗ്രാമ പഞ്ചായത്ത് മുനിസിപ്പാലിറ്റിയായി ഉയർത്തപ്പെട്ടതിനാൽ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നു. എൻ.ആർ.ഇ.ജി.എസ്. അക്കൗ ിൽ ബാക്കിയു ായിരുന്ന 2500 രൂപ (പലിശയടക്കം 4552) തിരിച്ചടവാക്കി.

പുതിയ പദ്ധതിക്കായി ഡി.ആർ.ഡി.എ. യിൽ നിന്നും താഴെ പറയും പ്രകാരം തുകകൾ ലഭിച്ചിട്ടു ്.

| തീയതി | തുക | റിമാർക്സ് |
|---|---|---|
| 2/4/11 | 1,00,000 | അക്കൗ ് നമ്പർ - 12345 - യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, നിലമ്പൂർ (ആർ.റ്റി.ജി.എസ്. വഴി) |
| 17/12/11 | 3,00,000 | ,, |
| | 4,00,000 | |

മേൽപ്പറഞ്ഞ പ്രകാരം നാലു ലക്ഷം രൂപ മാത്രമാണ് പദ്ധതി നടത്തിപ്പിനായി ലഭിച്ചിട്ടുള്ളത്. 1317 പേർ തൊഴിൽ കാർഡിന് അപേക്ഷിച്ചിട്ടു ്. തൊഴിൽ കാർഡുകൾ മുഴുവൻ അടിച്ചിട്ടുെ ങ്കിലും വിതരണം ചെയ്തിട്ടില്ല. ഭരണാനുമതി നേടിയ 124 പ്രവൃത്തികൾ നടപ്പാക്കുന്നതിന് 25 ലക്ഷം രൂപ അനുവദിക്കണമെന്ന് പ്രോഗ്രാം ഓഫീസർ, ഡി.ആർ.ഡി.എ., മലപ്പുറത്തിനോട് നഗരസഭ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 4 ലക്ഷം രൂപ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. 11-12 വർഷത്തേക്കുള്ള ആക്ഷൻ പ്ലാൻ/ലേബർ ബജറ്റ് (അടങ്കൽ 2 കോടി,

LOCAL FUND AUDIT DEPARTMENT

ഇരുപത്തിയഞ്ച് ലക്ഷം രൂപ) ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചിട്ടു ്. (നമ്പർ 400/11/ആർ.ഒ.1/ഡി.പി.ഒ.(9)/14-6-11). തുടർന്ന് 400/11/RO1/എം.പി.എം/19-3-12 പ്രകാരം 30 ലക്ഷം രൂപയുടെ 38 പ്രവൃത്തികളും അംഗീകരിച്ചു.

**<u>ചെലവു വിവരങ്ങൾ</u>**

22-11-12 വരെയുള്ള ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1) | ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ വേതനം | - 2,56,903 |
| 2) | തൊഴിൽ കാർഡ് അടിച്ചത് | - 24,114 |
| 3) | രജിസ്റ്ററുകൾ, ഫോറം | - 8,355 |
| 4) | ഓഫീസ് ചെലവുകൾ, സ്റ്റേഷനറി | - 4,085 |
| | | 2,93,457 |

22-11-12 ന് അക്കൗ ിൽ നീക്കിയിരിപ്പ് - 1,11,830

ഒരു പ്രവൃത്തി പോലും നാളിതുവരെ തുടങ്ങിയിട്ടില്ല. പദ്ധതി നടത്തിപ്പിനായി മറ്റു സ്രോതസ്സുകളിൽ നിന്നും ഫ ് ക ത്തുന്നതിനോ, നീക്കി വെയ്ക്കുന്നതിനോ മുനിസിപ്പാലിറ്റിക്ക് കഴിഞ്ഞിട്ടില്ല. ഇതുവരെ തുടങ്ങാത്ത പദ്ധതിക്കായി നിയമിച്ച ജീവനക്കാർക്ക് മുടങ്ങാതെ വേതനം നൽകുകയും ചെയ്തിട്ടു ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേ താണ്.

**<u>3(36) വിനോദ നികുതി</u>**

നഗരസഭയിൽ വിനോദ നികുതിയിനത്തിൽ പ്രതിവർഷം 20 ലക്ഷം രൂപ വരുമാനമു ്. ജ്യോതി, രാജേശ്വരി, ഫെയറിലാന്റ് എന്നീ 3 സിനിമാ തിയേറ്ററുകളിൽ നിന്നാണ് പ്രധാനമായും നഗരസഭക്ക് വിനോദ നികുതി ലഭിക്കുന്നത്. നിലമ്പൂരിൽ ഏതാനും വർഷങ്ങളായി നടന്നു വരുന്ന 'പാട്ടുൽസവ്' എന്ന പരിപാടിയിൽ നിന്നും ചെറിയ തോതിൽ നികുതി ലഭിക്കുന്നു ്.

ജി.ഒ.(ആർ.റ്റി) നമ്പർ 2697/07/ത.സ്വ.ഭ.വ. തീയതി 3-10-07 ഉത്തരവ് പ്രകാരം നഗരസഭകളിൽ എല്ലാ തരം സിനിമകൾക്കും 20% നിരക്കിലാണ് വിനോദ നികുതി ഈടാക്കേ ത്. 01-11-2010 മുതൽ നഗരസഭയായി മാറിയ നിലമ്പൂരിൽ 18-3-11 മുതലാണ് 20% നിരക്കിൽ നികുതി ഈടാക്കിയത്. 16-3-11 ൽ മാത്രമാണ് 20% നിരക്കിൽ വിനോദ നികുതി അടവാക്കണമെന്ന് നഗരസഭ തിയേറ്റർ ഉടമകളോട് ആവശ്യപ്പെടുന്നത്. അതുവരെയും 15% നിരക്കിൽ മാത്രമാണ് നികുതി ഈടാക്കിയിരുന്നത്. 2 ലക്ഷം രൂപയോളം ഈ ഇനത്തിൽ നഗരസഭക്ക് നഷ്ടം വന്നിട്ടു ്.

സിനിമാ തിയേറ്ററുകളിൽ പരിശോധനകൾ യഥാവിധി നടത്തിയും 'പാട്ടുൽസവ്' പരിപാടിയിൽ നിന്ന് നികുതി ഈടാക്കിയും വിനോദ നികുതി ഇനത്തിലെ വരുമാനം വർദ്ധിപ്പിക്കാൻ നഗരസഭ ശ്രദ്ധിക്കേ താണ്.

LOCAL FUND AUDIT DEPARTMENT

## 3(37) മണൽ ഖനനം

### ചാലിയാറിന്റെ സംരക്ഷണം - പദ്ധതിയുമില്ല പ്രവർത്തനവുമില്ല

നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളത്തിന്റെയും ജലസേചനത്തിന്റെയും പ്രധാന സ്രോതസ്സായി വർത്തിക്കുന്നത് ചാലിയാറും പോഷക നദികളുമാണ്. അനധികൃതമായ മണലൂറ്റലിൽ നിന്നും കേരളത്തിലെ നദികളെ സംരക്ഷിക്കുന്നതിനും സുസ്ഥിര വികസനം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയുമാണ് 2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം കേരള നിയമസഭ പാസ്സാക്കിയിട്ടുള്ളത്. അനധികൃതമായതും അനിയന്ത്രിതവുമായ മണലൂറ്റൽ പുഴകളിലെ ജലനിരപ്പ് ക്രമാതീതമായി കുറയുന്നതിനും ഭൂഗർഭ ജലനിരപ്പ് താഴുന്നതിനും കാരണമാകുന്നതായി വിവിധ മാധ്യമങ്ങളിലുൾപ്പെടെ റിപ്പോർട്ടുകൾ വരുന്ന സാഹചര്യത്തിൽ പുഴയുടെ ജൈവ ഭൗതിക പരിസ്ഥിതിയും മണൽ വാരലും നിയന്ത്രിക്കേ പ്രസ്തുത നിയമത്തിന്റെ കണ്ണും കാതുമായ കടവു കമ്മിറ്റികൾ നിയമവും ചട്ടവും നിലവിൽ വന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും 7 കടവുകളുള്ള നഗരസഭയിൽ ചട്ടത്തിനനുസൃതമായി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടില്ല എന്നത് നദീതീര സംരക്ഷണത്തിൽ പുലർത്തി വരുന്ന അലംഭാവത്തിന് പ്രത്യക്ഷ ഉദാഹരണമാണ്.

മുമ്പ് ഗ്രാമ പഞ്ചായത്തായിരുന്ന കാലഘട്ടത്തിൽ ഒരു മെമ്പറുടെ അദ്ധ്യക്ഷതയിൽ ഏതാനും അംഗങ്ങൾ ഉൾപ്പെട്ട ഒരു സംയുക്ത കടവ് കർമ്മ സമിതിയാണ് നിലവിലു ായിരുന്നത്. സമിതിയുടെ അവസാന യോഗം ചേർന്നത് 20/4/09 ലാണ്. അതിന് ശേഷം നാളിതുവരെ യാതൊരുവിധ പ്രവർത്തനങ്ങളും നടന്നിട്ടില്ല. നിയമത്തിലെ നാലാം വകുപ്പ് പ്രകാരമുള്ള കടവ് കമ്മിറ്റികൾ പ്രവർത്തനമാരംഭിക്കാത്തത് മൂലം പുഴയും കടവുകളും വെറും സാമ്പത്തിക സ്രോതസ്സുകൾ മാത്രമായി ചുരുങ്ങുന്ന അവസ്ഥയാണ് സംജാതമായിരിക്കുന്നത്.

'തൊഴിലാളികൾ ആവശ്യപ്പെട്ടതിനാൽ' എന്ന കാരണത്താൽ ചില കടവുകളിലേക്ക് അധിക പാസുകൾ അനുവദിക്കുന്നതായി അനുബന്ധ ഫയലിൽ നിന്നും വ്യക്തമാകുന്നു ്. മണലൂറ്റലിന്റെ പാരിസ്ഥിതികാഘാതം കണക്കിലെടുത്ത് വിദഗ്ദ്ധർ കൂടി അംഗങ്ങളായ കടവ് കമ്മിറ്റിയാണ് ഖനനം ചെയ്യാവുന്ന മണലിന്റെ അളവുൾപ്പെടെയുള്ള ശുപാർശകൾ സമർപ്പിക്കേ ത്. കടവുകളിൽ നിന്നും വാരുന്ന മണലിന്റെ അളവ്, കടവ് സംരക്ഷണത്തിന് സ്വീകരിക്കേ നടപടികൾ, മണൽ വാരൽ നിരോധനം എന്നിവയുമായി ബന്ധപ്പെട്ട സുപ്രധാന കർത്തവ്യങ്ങൾ പ്രാദേശികമായി നിർവഹിക്കേ കടവു കമ്മിറ്റികൾ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള അംഗങ്ങളെ ഉൾപ്പെടുത്തി അടിയന്തിരമായി രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുന്നതിലേക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

നിയമത്തിലെ 17-ാം വകുപ്പ് പ്രകാരം കടവുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും നടത്തപ്പെടേ ത് ജില്ലാ കലക്ടറുടെ നിയന്ത്രണത്തിലുള്ള നദീ സംരക്ഷണ നിധിയിൽ നിന്നുമാണ്. (ആർ.എം.എഫ്).

LOCAL FUND AUDIT DEPARTMENT

ഓഡിറ്റിന് വിധേയമാക്കിയ 1-4-2011 മുതൽ 11-12-2012 വരെയുള്ള കാലയളവിൽ മാത്രം 10,33,108/- രൂപ നദീ സംരക്ഷണ നിധിയിലേക്കുള്ള വിഹിതമായി അടവാക്കിയിട്ടു ്. എന്നാൽ പ്രസ്തുത നിധിയിൽ നിന്നുള്ള സഹായം ഉപയോഗിച്ച് 2010-11, 2011-12 കാലയളവിൽ മുനിസിപ്പാലിറ്റിയുടെ കടവുകളിൽ പ്രവർത്തനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല എന്ന് 30-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടു ്. കടവ് കമ്മിറ്റികൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഇത്തരം പദ്ധതികളുടെ ശുപാർശകൾ മുനിസിപ്പാലിറ്റി മുഖേന ജില്ലാതല വിദഗ്ദ്ധ സമിതിക്ക് സമർപ്പിക്കാനും സാധിച്ചിട്ടില്ല.

കേരള മുനിസിപ്പാലിറ്റി നിയമം, 1994 വകുപ്പ് 208 എ(2) പ്രകാരം നദികളുടെ തടങ്ങളും തീരങ്ങളും ചെറു പുഴകളും ഉൾപ്പെടെയുള്ള ജല സ്രോതസ്സുകൾ സംബന്ധിച്ച അവകാശങ്ങളും ബാധ്യതകളും മുനിസിപ്പാലിറ്റിയുടെ അവകാശങ്ങളും ബാധ്യതകളുമായി തീർന്നിട്ടുള്ളതാണ്. വരും തലമുറകൾക്കുകൂടി അവകാശപ്പെട്ട നദികളും കൈവഴികളും സംരക്ഷിക്കുന്നതിലേക്കായി കടവ് കമ്മിറ്റികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി അടവാക്കുന്ന തുകക്കനുസൃതമായി നദീ സംരക്ഷണ പദ്ധതികളെങ്കിലും നേടിയെടുത്ത് നടപ്പിലാക്കാൻ പരിശ്രമിക്കേ താണ്.

## 3(38) ഫ്ര ് ഓഫീസ്

നഗരസഭ ഓഫീസിൽ പ്രവർത്തിക്കുന്ന ഫ്ര ് ഓഫീസിൽ നിലവിൽ ഓഫീസിൽ വരുന്ന തപാൽ സ്വീകരിച്ച് കൈപ്പറ്റ് രശീത് നൽകൽ, തപാലിൽ നമ്പർ നൽകി സെക്ഷനിൽ ഏൽപ്പിക്കൽ, ഓഫീസിൽ നിന്നും നൽകി വരുന്ന ഫോറങ്ങൾ വിൽപ്പന നടത്തൽ, പൊതുജനങ്ങളുടെ അന്വേഷണങ്ങൾക്ക് മറുപടി നൽകൽ എന്നീ നടപടി ക്രമങ്ങളാണ് നടന്ന് വരുന്നത്. ര ് കൗ ർ ആണ് ഫ്ര ് ഓഫീസിൽ സജ്ജീകരിച്ചിട്ടുള്ളത്. താരതമ്യേന തിരക്കു കൂടിയ ഈ നഗരസഭയിൽ ര ് കൗ ർ അപര്യാപ്തമാണ്. പൊതുജനങ്ങൾക്ക് ഇരിക്കാനുള്ള സൗകര്യം ഫ്ര ് ഓഫീസുമായി ബന്ധപ്പെട്ട് സജ്ജീകരിച്ചത് ഈ ആവശ്യം നിറവേറ്റത്തക്ക രീതിയലല്ല. നഗരസഭാ കാര്യാലയത്തിലെ കോണിപ്പടികൾ ഈ ആവശ്യത്തിലേക്കായി പൊതുജനങ്ങൾ ഉപയോഗിച്ചു വരുന്നു. ഫ്ര ് ഓഫീസിന്റെ സമീപത്ത് തന്നെ ഇരുചക്ര വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് പൊതുജനങ്ങൾക്ക് ഫ്ര ് ഓഫീസിൽ ഓഫീസ് ആവശ്യങ്ങൾ നിർവഹിക്കുന്നതിന് തടസ്സമാകുന്നു ്. പൊതു ജനങ്ങൾക്ക് ഓഫീസ് ആവശ്യങ്ങൾ സുഗമമായി നടത്തുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേ താണ്. സേവനങ്ങളും നിബന്ധനകളും സംബന്ധിച്ച അറിയിപ്പുകളും ലഭ്യമാക്കേ താണ്. ഫ്ര ് ഓഫീസുമായി ബന്ധപ്പെട്ട മുഴുവൻ രജിസ്റ്ററുകളും എഴുതി സൂക്ഷിക്കേ താണ്.

LOCAL FUND AUDIT DEPARTMENT

## 3(39) സേവന പുസ്തക പരിശോധന - അപാകതകൾ

നിലമ്പൂർ നഗരസഭയ്ക്ക് കീഴിൽ ജോലി ചെയ്യുന്ന (റഗുലർ/ക ിജന്റ്) മുഴുവൻ ജീവനക്കാരുടെയും സേവന പുസ്തകം പരിശോധിച്ചതിൽ നാളിതുവരെയും പ്രൊബേഷൻ പൂർത്തീകരിക്കാതെ, പ്രൊമോഷൻ ആനുകൂല്യങ്ങളും ഗ്രേഡ്

ആനുകൂല്യങ്ങളും ഇൻക്രിമെന്റ് ആനുകൂല്യങ്ങളും അനുവദിച്ചു നൽകിയതായി കാണുന്നു. യഥാ സമയങ്ങളിൽ പേ ഫിക്സേഷൻ ലോക്കൽ ഫ ് ഓഡിറ്റ് അംഗീകാരം തേടാത്തതും സേവനത്തിൽ പ്രവേശിച്ച് നാളിതുവരെയും, ഗ്രൂപ്പ് ഇൻഷുറൻസ്, സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്, പി.എഫ് അംഗത്വമെടുക്കാത്തതും കാണാൻ കഴിഞ്ഞിട്ടു ്.

**I) പ്രൊബേഷൻ പൂർത്തീകരിക്കാത്തവർ**

| പേര്, ഉദ്യോഗപ്പേര് | സേവനത്തിൽ പ്രവേശിച്ച തീയതി | തസ്തിക | റിമാർക്സ് |
|---|---|---|---|
| 1. ശ്രീ.പ്രസന്നകുമാരൻ, യു.ഡി.സി. | 31-10-2005 | എൽ.ഡി.സി. | നാളിതുവരെയും പ്രസ്തുത തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച് വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 2. ശ്രീ.പി.ഭരതൻ, യു.ഡി.സി. | 7-7-1999 ന് | പ്യൂൺ | 24-06-2005 ന് എൽ.ഡി.സി. തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ച ടിയാൾ നാളിതുവരെയും പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ല. നിലവിൽ യു.ഡി.സി. തസ്തികയിൽ. |

**II) പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ ഇൻക്രിമെന്റ് അനുവദിച്ചത്**

| | | | |
|---|---|---|---|
| 1. ശ്രീമതി.ബിന്ദു.ടി എൽ.ഡി.സി. | 29-03-2010 | എൽ.ഡി.സി. | പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത ഇവർക്ക് 1-03-12 ന് 2-ാ മത്തെ ഇൻക്രിമെന്റ് അനുവദിച്ചിട്ടു ്. |
| 2. ശ്രീമതി.തങ്കമണി.കെ. പ്യൂൺ | 2-11-2011 | പ്യൂൺ | 2-11-2012 ന് പ്രൊബേഷൻ പൂർത്തീകരിച്ച ശേഷമാണ് ആദ്യ ഇൻക്രിമെന്റ് നൽകേ ത്. എന്നാൽ പ്രൊബേഷൻ പൂർത്തീകരിച്ച വിവരം രേഖപ്പെടുത്താതെയും 1-11-12 ന് ആദ്യ ഇൻക്രിമെന്റ് അനുവദിച്ച് നൽകിയിട്ടു ്. |
| 3. ശ്രീമതി.കനകം.ടി നഴ്സറി സ്കൂൾ ആയ (മുനിസിപ്പൽ ക ിജന്റ് സർവീസ്) | 3-05-2010 | നഴ്സറി സ്കൂൾ ആയ | പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. 3-05-11 ന് ഇൻക്രിമെന്റ് അനുവദിച്ചിട്ടു ്. |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 4. ശ്രീമതി.എം.സുശീല നഴ്സറി സ്കൂൾ ടീച്ചർ (ശിശു മന്ദിരം) (മുനിസിപ്പൽ ക ജന്റ് സർവീസ്) | 3-05-2010 | നഴ്സറി സ്കൂൾ ടീച്ചർ | ഇവർ പ്രൊബേഷൻ പൂർത്തീകരിച്ചതിന്റെയോ ഇൻക്രിമെന്റ് അനുവദിച്ചതിന്റെയൊ വിവരം സേവന പുസ്തകത്തിൽ ഇല്ല. |

(നോട്ട് : ക്രമ നമ്പർ 3, 4 എന്നിവർ ജി.ഒ.(എം.എസ്) 88/2010/എൽ.എസ്.ജി.ഡി./ തീയതി 3-5-10/ലോക്കൽ സെൽഫ് ഗവൺമെന്റ് (ഇ.പി.എ), ഡിപാർട്ട്മെന്റ്, തിരുവനന്തപുരം ഉത്തരവ് പ്രകാരം നിയമിതരായവരാണ്).

**III) പേ ഫിക്സേഷൻ, ലോക്കൽ ഫ ് ഓഡിറ്റിന്റെ അംഗീകാരം വാങ്ങിയില്ല**

| പേര്/ഉദ്യോഗപ്പേര് | അംഗീകാരം നേടാത്ത പേ ഫിക്സേഷൻ |
|---|---|
| 1. ശ്രീ.പ്രസന്നകുമാരൻ, യു.ഡി.സി. | 1. ജി.ഒ.(പി) നമ്പർ 145/2006/ഫിൻ. തീയതി 25-3-06<br>2. ജി.ഒ.(പി) നമ്പർ 85/2011/ഫിൻ. തീയതി 26-02-2011 |
| 2. ശ്രീ.വേലായുധൻ, യു.ഡി.സി. | (1) ജി.ഒ.(പി) നമ്പർ 85/2011/ഫിൻ. തീയതി 26-2-2011 |
| 3. ശ്രീ.രവീന്ദ്രൻ.പി., യു.ഡി.സി. | ,, |
| 4. ശ്രീ.സന്ദീപ് കുമാർ.വി.എസ്., യു.ഡി.സി. | ,, |
| 5. പത്മിനി.കെ., ഹെൽത്ത് ഇൻസ്പെക്ടർ, ഗ്രേഡ് 2 | ,, |
| 6. ശ്രീ.സ്വാമിനാഥൻ.എം സാനിറ്ററി ഇൻസ്പെക്ടർ | ,, |
| 7. ശ്രീ.ഖാലിദ്.എ., ഡ്രൈവർ | 1. ജി.ഒ.(പി)145/2006/ഫിൻ. തീയതി 25.3.06<br>2. ജി.ഒ.(പി) 85/2011/ഫിൻ. തീയതി 26-02-11 |
| 8. ശ്രീ.രാജേഷ്.പി.വി., ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | ,, |
| 9. ശ്രീ.വിനോദ് കുമാർ., യു.ഡി.സി. | ,, |
| 10. ശ്രീ.ഭരതൻ.പി., യു.ഡി.സി. | ,, |
| 11. ശ്രീ.അക്ബർ.പി.കെ., എൽ.ഡി.സി. | ജി.ഒ.(പി) 85/2011/ഫിൻ. തീയതി 26-2-2011 |
| 12. ശ്രീ.കെ.അഴകേശൻ, യു.ഡി.സി. | 1. ജി.ഒ.(പി) നമ്പർ 3000/98/ഫിൻ. തീയതി 25-11-98<br>2. ജി.ഒ.(പി) നമ്പർ 145/2006/ഫിൻ. തീയതി 25-3-06 |
| 13. ശ്രീമതി.ശോഭ.എം, എഫ്.ടി.എസ് | ജി.ഒ.(പി) 85/2011/ഫിൻ തീയതി 26-2-2011 |
| 14. പുരുഷോത്തമൻ.ടി., എഫ്.റ്റി.എസ് | ,, |
| 15. ശ്രീ.മാധവൻ.പി., എ.ടി.എസ് | ,, |

LOCAL FUND AUDIT DEPARTMENT

| | |
|---|---|
| 16. രാജൻ.പി.കെ., റവന്യു ഇൻസ്പെക്ടർ | 1. ജി.ഒ.(പി) 3000/98/ഫിൻ. തീയതി 25-11-98<br>2. ജി.ഒ.(പി)145/2006/ഫിൻ. തീയതി 25-03-06<br>3. ജി.ഒ.(പി) 85/2011/ഫിൻ. തീയതി 26-02-2011 |

**IV) സറ്റേറ്റ് ലൈഫ് ഇൻഷുറൻസ് അംഗത്വമെടുത്തില്ല**

പുതിയതായി സർക്കാർ സർവീസിൽ പ്രവേശിക്കുന്ന 50 വയസ്സ് കവിഞ്ഞിട്ടില്ലാത്ത ഒരാൾ ജോലിയിൽ പ്രവേശിച്ച് 1 മാസത്തിനകം സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് അംഗത്വമെടുത്തിരിക്കേ തും ഒരു സ്കെയിലിൽ നിന്നും മറ്റൊന്നിലേക്ക് മാറുമ്പോൾ കാലാകാലങ്ങളിൽ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള നിരക്കനുസരിച്ച് തുക അടവാക്കേ തുമാണ്. എസ്.എൽ.ഐ. അംഗത്വമെടുക്കാത്തയാൾക്ക് സേവനത്തിൽ ആദ്യ ഇൻക്രിമെന്റ് ലഭിക്കുവാൻ അർഹതയില്ലാത്തതുമാണ്. (റൂൾ 22 എ (നോട്ട് അ ർ റൂൾ 31) പാർട്ട് 1 കെ.എസ്.ആർ). എന്നാൽ താഴെ പറയുന്ന ജീവനക്കാർ നാളിതുവരെയും എസ്.എൽ.ഐ. അംഗത്വമെടുത്തിട്ടില്ല.

| **പേര്/ഉദ്യോഗപ്പേര്** | **സേവനത്തിൽ വന്ന തീയതി** |
|---|---|
| 1. ശ്രീ.ഖാലിദ്.എ., ഡ്രൈവർ | 07-07-2005 |
| 2. ശ്രീ.വി.കെ.രാജൻ, റവന്യു ഇൻസ്പെക്ടർ | 15-02-1991 |
| 3. ശ്രീ.കെ.അഴകേശൻ, യു.ഡി.സി. | 14-05-1991 |
| 4. ശ്രീ.നാരായണൻ.കെ, യു.ഡി.സി. | 17-07-1995 |
| 5. ശ്രീമതി.ശോഭ.എം., എഫ്.റ്റി.എസ് | 10-11-2008 (എഫ്.റ്റി.എസ് ആയി പ്രൊമോട്ട് ചെയ്തു) |
| 6. ശ്രീ.പുരുഷോത്തമൻ.ടി., എഫ്.റ്റി.എസ് | 13-08-2008 (എഫ്.റ്റി.എസ് ആയി പ്രൊമോട്ട് ചെയ്തു) |

**V) ഗ്രൂപ്പ് ഇൻഷുറൻസ് അംഗത്വമെടുത്തില്ല**

1984 സെപ്റ്റംബറിനു ശേഷം 50 വയസ് തികഞ്ഞിട്ടില്ലാത്ത സർക്കാർ സർവീസിൽ പ്രവേശിച്ചിട്ടുള്ള ഏതൊരാളും ജോലിയിൽ പ്രവേശിച്ച് ഒരു വർഷത്തിനകം ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിൽ അംഗത്വമെടുത്തിരിക്കേ തും അപ്രകാരം ചെയ്യാത്തവർക്ക് സേവനത്തിൽ ആദ്യ ഇൻക്രിമെന്റ് ലഭിക്കുവാൻ അർഹതയില്ലാത്തതുമാണ്. (Rule 22 A, Note under Rule 31, Part I KSR). എന്നാൽ നിലമ്പൂർ നഗരസഭയിലെ താഴെ പറയുന്ന ജീവനക്കാർ നാളിതുവരെയും ജി.ഐ.എസ് അംഗമായിട്ടില്ല.

| **പേര്, ഉദ്യോഗപ്പേര്** | **സേവനത്തിൽ വന്ന തീയതി** | **റിമാർക്സ്** |
|---|---|---|
| 1. ശ്രീ.രവീന്ദ്രൻ.പി., യു.ഡി.സി. | 01-09-1997 | |
| 2. ശ്രീമതി.കെ.പി.ലളിത, യു.ഡി.സി. | 16-07-1997 | |

LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| 3. ശ്രീ.വേലായുധൻ.പി., എൽ.ഡി.സി. | 22-01-1999 | |
| 4. ശ്രീമതി.റംല.ഒ.കെ., ടൈപ്പിസ്റ്റ് | - | |
| 5. ശ്രീ.ഖാലിദ്.എ., ഡ്രൈവർ | 07-07-2005 | |
| 6. ശ്രീ.പ്രതീഷ് പ്രഭാകരൻ, പ്യൂൺ | 28-07-2011 | |
| 7. ശ്രീ.വി.കെ.രാജൻ, റവന്യു ഇൻസ്പെക്ടർ | 15-02-1991 | |
| 8. ശ്രീ.കെ.അഴകേശൻ, യു.ഡി.സി. | 14-05-1991 | |
| 9. ശ്രീ.വിനോദ് കുമാർ.ആർ.എസ്., യു.ഡി.സി. | 23-07-2001 | |
| 10. അക്ബർ.പി.കെ., എൽ.ഡി.സി. | 23-11-2007 | |
| 11. ശ്രീ.രാകേഷ്.പി., ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 18-01-2002 | |
| 12. ശ്രീ.നാരായണൻ.കെ., യു.ഡി.സി. | 17-07-1995 | |
| 13. ശ്രീ.പുരുഷോത്തമൻ.ടി., എഫ്.ടി.എസ്. | 13-08-2008 | എഫ്.റ്റി.എസ്. ആയി പ്രൊമോട്ട് ചെയ്തു |
| 14. ശ്രീമതി.ശോഭ.എം., എഫ്.റ്റി.എസ് | 10-11-2008 | -ടി- |

**<u>VI) പി.എഫ്. അംഗത്വമെടുത്തില്ല.</u>**

എല്ലാ ഗവൺമെന്റ് ജീവനക്കാരും (സ്ഥിരമായവരും, താൽക്കാലികമായവരും ഉൾപ്പെടെ) സേവനത്തിൽ വന്ന് ഒരു വർഷത്തിനകം പി.എഫ്. അംഗത്വമെടുത്തിരിക്കേ താണ്. (റൂൾ 6 ജി.പി.എഫ് 1964). എന്നാൽ നിലമ്പൂർ നഗരസഭയിലെ താഴെ പറയുന്ന ജീവനക്കാർ ഇനിയും പി.എഫ്. അംഗത്വമെടുത്തിട്ടില്ല.

| **പേര്/ഉദ്യോഗപ്പേര്** | **സേവനത്തിൽ വന്ന തീയതി** | **റിമാർക്സ്** |
|---|---|---|
| 1. ശ്രീ.പ്രതീഷ് പ്രഭാകരൻ, പ്യൂൺ | 28-07-2011 | |
| 2. ജിനേഷ്.കെ.പി., എൽ.ഡി.സി. | 26-05-2011 | |
| 3. ശ്രീ.കെ.പി.കൃഷ്ണകുമാർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | 28-03-2011 | |
| 4. ശ്രീ.അഭിലാഷ്.കെ., ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | 24-03-2011 | |
| 5. ശ്രീമതി.പത്മിനി.കെ., ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | | |
| 6. ശ്രീ.പുരുഷോത്തമൻ.ടി., എഫ്.റ്റി.എസ്. | 13-08-2008 | കെ.പി.എഫ്. അംഗത്വം |
| 7. ശ്രീമതി.ശോഭ.എം., എഫ്.റ്റി.എസ് | 10-11-2008 | -ടി- |
| 8. ശ്രീ.ഫൈസൽ.സി., എൽ.ഡി.സി. | 11-11-2011 | |
| 9. ശ്രീമതി.തങ്കമണി.കെ., പ്യൂൺ | 2-11-2011 | |
| 10. ശ്രിമതി.എം.സുശീല, നഴ്സറി സ്കൂൾ ടീച്ചർ | 3-05-2011 | ക ിജന്റ് സർവീസ് |
| 11. ശ്രീമതി.കനകം.ടി., നഴ്സറി സ്കൂൾ ആയ | 3-05-2011 | ,, |

LOCAL FUND AUDIT DEPARTMENT

പേ ഫിക്സേഷൻ അംഗീകാരത്തിനായി സേവന പുസ്തകങ്ങൾ ലോക്കൽ ഫ ് ഓഡിറ്റിന് ലഭ്യമാക്കേ തും പി.എഫ്., എസ്.എൽ.ഐ., ജി.ഐ.എസ് അംഗത്വമില്ലാത്തവർ ഉടൻ അംഗത്വമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ തുമാണ്. പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ തുടർന്നും ജോലി ചെയ്യുന്നവരുടെ കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേ താണ്. സേവന പുസ്തകങ്ങളുടെ സൂക്ഷിപ്പിലും ഇൻക്രിമെന്റുകൾ അനുവദിക്കുന്നതിലും കൂടുതൽ ജാഗ്രത പാലിക്കേ താണ്.

## ഭാഗം : 4

## ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

### 4(1) വായ്പ/വായ്പ തിരിച്ചടവ്

ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 4(2) സ്ഥിര നിക്ഷേപങ്ങൾ (ഇൻവെസ്റ്റുമെന്റുകൾ)

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉ ായിരുന്ന സ്ഥിര നിക്ഷേപം | : | 25,000 |
| തൻവർഷം നിക്ഷേപിച്ച തുക | : | - |
| ആകെ | : | 25,000 രൂപ |
| തന്നാ ിൽ പിൻവലിച്ച തുക | : | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | : | 25,000 രൂപ |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| 1. മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ 250 ഷെയറുകൾ, 100 രൂപ നിരക്കിൽ | 25,000 |

### 4(3) സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ

കേന്ദ്ര സംസ്ഥാന സർക്കാറുകളിലേക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദ വിവരം കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത വിവരങ്ങൾ ചേർക്കാൻ സാധിച്ചിട്ടില്ല.

### 4(4) ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

LOCAL FUND AUDIT DEPARTMENT

**4(5) ഓഡിറ്റ് പ്രത്യവലോനം**

(എ) സംക്ഷിപ്ത വിവരം

| | 2010–11 | 2011–12 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65235531 | 149059531.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64807331 | 117581218.02 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 305114 | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5024578 | |

**(ബി) നഗരസഭാ ഫ   ിനു    ായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖ. നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3(5)(2) | | 97423 | ശ്രീ.എ.എസ്.സുഭഗൻ, സെക്രട്ടറി |
| 3(5)(2) | | 4191 | ശ്രീ.അജീഷ്.ടി.ജി., സെക്രട്ടറി |
| 3(8) | | 27970 | ശ്രീ.എ.എസ്.സുഭഗൻ, സെക്രട്ടറി |
| 3(15) | | 35000 | ശ്രീ.അജിത്കുമാർ, ഐ.ഇ.ഒ. |
| 3(24) | | 100000 | ശ്രീ.വേലായുധൻ, റ്റി.ഇ.ഒ. |
| 3(25) | | 40530 | -ടി- |
| **ആകെ** | | **305114.00** | |

**(ബി 1) തടസ്സപ്പെടുത്തിയ തുകയുടെ വിവരം**

| ഖ.നമ്പർ | തുക |
|---|---|
| 3(6) | 352000 |
| 3(11) | 425125 |
| 3(12) | 25000 |
| 3(17) | 130000 |
| 3(18) | 399553 |
| 3(20) | 1600000 |
| 3(22) | 997900 |
| 3(23) | 600000 |
| 3(27) | 300000 |
| 3(29) | 195000 |
| **ആകെ** | **5024578** |

LOCAL FUND AUDIT DEPARTMENT

**(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കു ായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.എസ്.സുഭഗൻ, സെക്രട്ടറി | സെക്രട്ടറി, അടൂർ നഗരസഭ | 'അമൃതേയം' കാരിക്കുഴിയിൽ തെക്കനാര്യനാട്, വ്യാസപുരം ആലപ്പുഴ |
| ശ്രീ.അജിത്കുമാർ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ | ശക്തിഭവൻ പഴവീട് പോസ്റ്റ് ആലപ്പുഴ - 688009 |
| ശ്രീ.വേലായുധൻ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | | 'അനുഗ്രഹ' മണലോടി, നിലമ്പൂർ പോസ്റ്റ് |

**4(7) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1958-59 | എൽ.എഫ്.എം8/1701/87/ തീയതി 6-2-98 | 4 |
| 63-64 | എൽ.എഫ്.എം8/1703/87/ തീയതി 6-2-98 | 7 |
| 64-65 | എൽ.എഫ്.എം8/1349/95/ തീയതി 27-3-95 | 14 |
| 65-66 | എൽ.എഫ്.എം8/283/88/ തീയതി 3-11-89 | 27 |
| 66-67 | എൽ.എഫ്.എം8/1706/87/ തീയതി 31-12-97/6-2-98 | 16 |
| 67-68 | എൽ.എഫ്.എം8/1707/87/ തീയതി ,, | 9 |
| 68-69 | എൽ.എഫ്.എം8/1708/87/ തീയതി ,, | 42 |
| 69-70 | എൽ.എഫ്.എം8/1709/87/ തീയതി ,, | 58 |
| 71-72 | എൽ.എഫ്.എം8/1711/87/ തീയതി ,, | 68 |
| 72-73 | എൽ.എഫ്.എം8/1712/87/ തീയതി ,, | 65 |
| 73-74 | എൽ.എഫ്.എം8/1713/87/ തീയതി ,, | 66 |
| 74-75 | എൽ.എഫ്.എം8/1714/87/ തീയതി ,, | 67 |

LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| 75-76 | എൽ.എഫ്.എം8/1715/87/ തീയതി ,, | 30 |
| 76-77 | എൽ.എഫ്.എം8/1716/87/ തീയതി ,, | 39 |
| 77-78 | എൽ.എഫ്.എം8/1717/87/ തീയതി ,, | 30 |
| 78-79 | എൽ.എഫ്.എം8/1718/87/ തീയതി ,, | 41 |
| 79-80 | എൽ.എഫ്.എം8/1719/87/ തീയതി 19-9-89/3-11-89 | 16 |
| 80-81 | എൽ.എഫ്.എം8/1720/87/ തീയതി 19-9-89/3-11-89 | 27 |
| 81-82 | എൽ.എഫ്.എം8/1721/87/ തീയതി 19-9-89/3-11-89 | 17 |
| 82-83 | എൽ.എഫ്.എം8/483/88 തീയതി 19-9-89/3-11-89 | 16 |
| 83-84 | എൽ.എഫ്.എം8/1318/88/ തീയതി 22-2-89 | 27 |
| 84-85 | എൽ.എഫ്.എം8/1343/95/ തീയതി 7-3-95 | 15 |
| 85-86 | എൽ.എഫ്.എം8/1290/93/ തീയതി 3-3-94 | 30 |
| 86-87, 87-88 | എൽ.എഫ്.എം8/1086/93/ തീയതി 3-3-94 | 27 |
| 89-90, 90-91 | എൽ.എഫ്.എം8/1825/94/ തീയതി 16-8-95 | 22 |
| 96-97 | എൽ.എഫ്.എം8/1489/99/ തീയതി 10-11-99 | 24 |
| 97-98 | എൽ.എഫ്.എം13/71/01/ തീയതി 8-8-01 | 50 |
| 98-99 | എൽ.എഫ്.എം13/200/01/ തീയതി 21-1-02/8-11-02 | 35 |
| 99-2000 | എൽ.എഫ്.എം13/846/01/ തീയതി 24-4-02/7-11-02 | 22 |
| 2000-01 | എൽ.എഫ്.എം5/939/08/ തീയതി 9-3-09 | 5 |
| 2001-02 | എൽ.എഫ്.എം5/940/08/ തീയതി 9-3-09 | 6 |
| 2002-03 | എൽ.എഫ്.എം5/941/08/ തീയതി 9-3-09 | 7 |
| 2003-04 | എൽ.എഫ്.എം5/942/08/ തീയതി 9-3-09 | |
| 2004-05 | എൽ.എഫ്.എം5/14/2009 | |
| 2005-06 | എൽ.എഫ്.എം5/798/09/ തീയതി 20-11-09 | 10 |
| 2006-07 | എൽ.എഫ്.എം5/917/09/ തീയതി 20-11-09 | 19 |
| 2007-08 | എൽ.എഫ്.എം5/799/09/ തീയതി 20-11-09 | 37 |
| 2008-09 | എൽ.എഫ്.എം21/67/12 തീയതി 13-9-12 | 22 |
| 2009-10 | എൽ.എഫ്.എം21/68/2012/ തീയതി 21-2-12 | 31 |

LOCAL FUND AUDIT DEPARTMENT

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേ താണ്.

## 4(8) അവശേഷിക്കുന്ന ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദി യായ ഉദ്യോഗസ്ഥ രുടെ പേര് | ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് നമ്പർ/ തീയതി | തുക അടവാ ക്കിയ വിവരം | തുക |
|---|---|---|---|---|---|---|
| 1998-99 | 41 | 15,975 | ശ്രീ.എൻ.കെ. മുഹമ്മദ് സൈനുദ്ദീൻ, സെക്രട്ടറി | ചാർജ് സർട്ടിഫിക്കറ്റ് നമ്പർ എൽ.എഫ്.11513/ സ്പെ.സെൽ/ എസ്.സി.5/04 തീയതി 30-9-05 | ലഭ്യമല്ല | ലഭ്യമല്ല |

| | | | | | | |
|---|---|---|---|---|---|---|
| | 48(1)<br>48(2)<br>49<br>50(16)<br>65<br>76<br>77<br>78<br>81<br>85 (ഭാഗികം)<br>89(1)<br>90(2)<br>90(3)<br>91(1)<br>91(3)<br>91(4)<br>106 (1)(എ)<br>106 (1)(ബി)<br>106(1)(സി)<br>106 (1)(ഡി)<br>106 (1) (ഇ)<br>106(1) (എഫ്)<br>106(1)(ജി)<br>107(2) | 10,328<br>2,340<br>3,385<br>1,430<br>4,257<br>1,873<br>2,000<br>2,940<br>11,050<br>3,843<br>13,797<br>1,392<br>26,680<br>1,34,576<br>43,336<br>96<br>6,252<br>4,306<br>7,737<br>870<br>291<br>686<br>1,292<br>1,700 | ശ്രീ.എം.വി. മഹീധരൻ, സെക്രട്ടറി | ചാർജ് സർട്ടിഫിക്കറ്റ് നമ്പർ എൽ.എഫ്.11513/ സ്പെ.സെൽ/ എസ്.സി.5/04 തീയതി 25-9-06/1-3-07<br><br>2,82,674 രൂപ | ലഭ്യമല്ല | ലഭ്യമല്ല |
| 1999-2000 | 38(2)<br>41<br>42 | 6,875<br>2,100<br>300 | ശ്രീ.എം.വി. മഹീധരൻ, സെക്രട്ടറി | ചാർജ് സർട്ടിഫിക്കറ്റ് നമ്പർ എൽ.എഫ്.12622/ സ്പെ.സെൽ/ എസ്.സി.5/05 തീയതി 29-11-06/ 1-3-07 - 9,275 രൂപ | ലഭ്യമല്ല | ലഭ്യമല്ല |
| | 58(6) - 6600<br>58(7) - 8000<br>58(9) -20000 | 34,600 | ശ്രീമതി. പ്രീത.എൽ കൃഷി ഓഫീസർ | സർചാർജ് സർട്ടിഫിക്കറ്റ് നമ്പർ എൽ.എഫ്.12622/ സ്പെ.സെൽ/ എസ്.സി.5/05 തീയതി 23-12-08/ 1-1-09 - 34,600 രൂപ | | ലഭ്യമല്ല |

LOCAL FUND AUDIT DEPARTMENT

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**
**ലോക്കൽ ഫ ് ഓഡിറ്റ്, മലപ്പുറം ജില്ല.**

എൽ. 2/2013